394
Pages 12

# ഹാലേലൂയ്യ

15-30 MARCH, 2013 • ക്രൈസ്തവ ദ്വൈവാരിക

Published From Thiruvalla Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96

Price Rs. 10/-

# പ്രാർത്ഥനയോടെ സഭയെ വളർച്ചയിലേക്ക് നയിക്കും

## പ്രഥമ ജനറൽ കൗൺസിൽ മീറ്റിംഗിൽ പ്രിസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ നടത്തിയ പ്രസംഗത്തിന്റെ പൂർണ്ണരൂപം

*"എനിക്ക് ശക്തി നൽകിയ ക്രിസ്തുയേശു എന്ന നമ്മുടെ കർത്താവ് എന്നെ വിശ്വസ്തൻ എന്ന് എണ്ണി ശുശ്രൂഷയ്ക്ക് ആക്കിയതുകൊണ്ട് ഞാൻ അവനെ സ്തുതിക്കുന്നു". 1 തിമോ 1:12*

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ഭരണഘടനാനുസൃതമായി തിരഞ്ഞെടുക്കപ്പെട്ട്; 2013-2016 വർഷങ്ങളിലേക്കുള്ള ജനറൽ കൗൺസിലിൽ അംഗങ്ങളായി എത്തിയിരിക്കുന്ന ബഹുമാനപ്പെട്ട ദൈവദാസന്മാർക്കും, സഹോദരന്മാർക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം. ഐ.പി.സി എന്ന മഹാ പ്രസ്ഥാനത്തിന്റെ പരമോന്നത ഭരണസമിതിയിലേക്ക് നമ്മെ നിയോഗിച്ച് ആക്കിവെച്ച മഹാദൈവത്തിന് സകല ബഹുമാനവും പുകഴ്ചയും അർപ്പിക്കുന്നു.

ദൈവാത്മനിയോഗം പ്രാപിച്ച നമ്മുടെ പിതാക്കന്മാർ ഏകദേശം ഒൻപത് പതിറ്റാണ്ടുകൾക്ക് മുമ്പ് ചെറിയ നിലയിൽ തുടക്കം കുറിച്ച ഐ.പി.സി എന്ന ആത്മീയ പ്രസ്ഥാനം ഇന്ന് വളർന്ന് പന്തലിച്ച് ഏഴായിരത്തോളം ലോക്കൽ സഭകളുള്ള വൻ വൃക്ഷമായി മാറിയിരിക്കുന്നു. പ്രതിഫലേച്ഛ കൂടാതെ വിശ്വാസത്തിന്റെ വേലക്കിറങ്ങി; മുണ്ട് മുറുക്കിയുടുത്ത് പട്ടിണിയും, ദാരിദ്ര്യവും അതിജീവിച്ചും, ക്രൂരമായ പീഢനങ്ങളും നിന്ദയും സഹിച്ചും ഈ പ്രസ്ഥാനത്തിന് വേണ്ടി വിശ്വസ്തതയോടെ അധ്വാനിച്ച് , പേരോ - പ്രശസ്തിയോ ലഭിക്കാതെ മൺമറഞ്ഞ ആയിരക്കണക്കിന് കർതൃദാസന്മാരെയും അവരുടെ കുടുംബങ്ങളേയും ഈ സമയത്ത് ഞാൻ ആദരവോടെ ഓർക്കുന്നു. കർതൃദാസന്മാരുടെ കരങ്ങൾക്ക് ശക്തിപകർന്ന്, തങ്ങളുടെ ഭൗതിക നന്മകൾ ചിലവഴിച്ചും, സുവിശേഷപ്രവർത്തനങ്ങളിൽ പങ്കാളികളായും തോളോടുതോൾ ചേർന്ന് നിന്ന പരസഹസ്രം സഭാജനങ്ങളെയും ആദരവോടെ ഓർക്കുന്നു. ഈ ആത്മീയ പ്രസ്ഥാനം കൊടുങ്കാറ്റുകളിൽ പെട്ട് ആടിയുലയുഞ്ഞ സന്ദർഭങ്ങളുണ്ടായിട്ടുണ്ട് - എല്ലാക്കാലത്തുമുണ്ടായ പ്രതിസന്ധികളിൽ പ്രാർത്ഥനയുടെ കരങ്ങളിൽ ഇതിനെ വഹിച്ച് മുട്ടിന്മേലിരുന്ന് കണ്ണീരൊഴുക്കിയ ആയിരക്കണക്കിന് മാതാക്കളെ ഞാൻ നന്ദിയോടെ സ്മരിക്കുന്നു. പ്രാർത്ഥിക്കുന്ന ലക്ഷക്കണക്കിന് ദൈവജനങ്ങളുടേയും കഠിനാധ്വാനം ചെയ്യുന്ന ഏഴായിരം ദൈവദാസന്മാരുടേയും ആത്മാർത്ഥമായ പിന്തുണയും സഹകരണവുമാണ് ഈ പ്രസ്ഥാനത്തിന്റെ സമ്പത്തും, കരുത്തും.



ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ജനറൽ പ്രസിഡന്റിന്റെ കസേരയിൽ എനിക്ക് മുമ്പായി ഇരുന്ന ശക്തരായ ദൈവദാസന്മാരെ ആദരവോടെ ഞാൻ സ്മരിക്കുന്നു. ഈ പ്രസ്ഥാനത്തിന്റെ പ്രഥമ പ്രസിഡന്റായിരുന്ന പാസ്റ്റർ പി.എം സാമുവൽ, തുടർന്ന് ഇതിന് നേതൃത്വം നൽകിയ പാസ്റ്റർ കെ.ഇ ഏബ്രഹാം, പാസ്റ്റർ ടി.ജി ഉമ്മൻ, പാസ്റ്റർ പരം ജ്യോതി, പാസ്റ്റർ കെ.എം ജോസഫ്, പാസ്റ്റർ ടി.എസ് ഏബ്രഹാം, പാസ്റ്റർ കെ.സി ജോൺ എന്നീ പ്രഗത്ഭരായ ദൈവദാസന്മാരെ ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ഇവരെക്കൂടാതെ പാസ്റ്റർമാരായ കെ.സി ചെറിയാൻ, കെ.സി ഉമ്മൻ, പി.എം ഫിലിപ്പ്, സി.കെ ദാനിയേൽ തുടങ്ങി നേതൃത്വ നിരയിൽ അധ്വാനിച്ച മഹാന്മാരായ ദൈവദാസന്മാരേയും ഓർക്കുന്നു. ബലഹീനനായ എന്നെ ഈ പദവിയിലേക്ക് തിരഞ്ഞെടുത്ത ഐ.പി.സി ശുശ്രൂഷകന്മാരോടും വിശ്വാസികളോടും ഹൃദയപൂർവ്വം നന്ദി പറയുവാനും ഈ അവസരം ഞാൻ ഉപയോഗിക്കുന്നു.

*(ശേഷം പേജ് 5 ൽ)*

# കർണ്ണാടക എനിക്ക് ദൈവനിയോഗം: പാസ്റ്റർ വിത്സൻ ജോസഫ്

കർണ്ണാടക സ്റ്റേറ്റ് ഐ.പി.സി.പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ വിത്സൻ ജോസഫ് ഹാലേലൂയ്യായ്ക്ക് നൽകിയ അഭിമുഖത്തിൽ നിന്ന്.

അഭിമുഖം: ജേക്കബ് ഫിലിപ്പ്



*? അങ്ങയുടെ സുവിശേഷവേലയുടെ ആരംഭം എങ്ങനെയായിരുന്നു?*

എന്റെ പിതാവ് ഒരു സുവിശേഷവേലക്കാരനായിരുന്നതുകൊണ്ട് ചെറുപ്പത്തിൽ ഒരുപാട് തിക്താനുഭവങ്ങളിലൂടെ ഞാൻ കടന്നുപോയി. അതുകാരണം ഒരിക്കലും ഒരു ശുശ്രൂഷകനാകുവാൻ ഞാൻ ആഗ്രഹിച്ചില്ല. മറിച്ച് കർത്താവിന്റെ വേലയ്ക്കായി എന്നാലോവോളം സഹായിക്കണമെന്നായിരുന്നു ആഗ്രഹിച്ചത്. ബിരുദം പൂർത്തിയാക്കിയതിന് ശേഷം 1979-ൽ ഗൾഫിലേക്ക് പോയി, 1990-ൽ എന്റെ ജീവിതത്തിൽ പ്രതീക്ഷിക്കാത്ത പല പ്രതിസന്ധികളും ഉണ്ടായി. ഒരിക്കലും ഈ പ്രതിസന്ധികൾ തരണം ചെയ്യുവാൻ കഴിയുമെന്ന് ഞാൻ വിചാരിച്ചില്ല. പക്ഷേ ദൈവം എന്നെ വിടുവിച്ചു. അങ്ങനെ ആ ദിവസം കർത്താവിന്റെ വേലക്കായി എന്നെ സമർപ്പിച്ചു. പിറവം സെന്ററിന്റെ സ്പോൺസറായി എന്റെ സുവിശേഷവേല ആരംഭിച്ചു. എന്റെ പിതാവ് ചുമതലയേറ്റിരുന്ന 40-ലധികം വിശ്വാസികളുള്ള പത്തനംതിട്ടയിലെ ഒരു സഭയിൽ പിതാവിനോട് ചേർന്ന് പ്രവർത്തിക്കുവാൻ ദൈവം എന്നെ സഹായിച്ചു. എന്റെ പിതാവിന്റെ മരണത്തിന് ശേഷം സഹോദരങ്ങളെല്ലാവരും പിതാവിന്റെ ശുശ്രൂഷ ഏറ്റെടുത്തു നടത്തുവാൻ എന്നെ നിർബ്ബന്ധിച്ചു. അത് സ്വമനസ്സാലെ സ്വീകരിച്ചു. ചെറുപ്രായത്തിൽത്തന്നെ സെന്റർ പാസ്റ്ററാകുവാൻ ദൈവം സഹായിച്ചു. മൂന്നു വർഷത്തോളം യു.എ.ഇയിൽ റീജിയൻ പ്രസിഡന്റായി സേവനമനുഷ്ഠിച്ചു. 1999 മുതൽ പത്തനംതിട്ടയിൽ സെന്റർ പാസ്റ്ററായി തുടരുന്നു.

*കർണ്ണാടക സുവിശേഷവേലയെക്കുറിച്ചുള്ള ആത്മഭാരമാണോ ഇങ്ങനെയൊരു നേതൃത്വം ഏറ്റെടുക്കുവാൻ താങ്കളെ പ്രേരിപ്പിച്ചത്? അങ്ങനെയെങ്കിൽ കർണ്ണാടക സുവിശേഷവേലയെക്കുറിച്ച് താങ്കളുടെ അഭിപ്രായം?*

സത്യം പറഞ്ഞാൽ ഇന്ത്യയുടെ മുഴുവൻ സ്റ്റേറ്റിനെക്കുറിച്ചും ആത്മഭാരം തോന്നിയിട്ടുണ്ട്. അല്ലാതെ കർണ്ണാടകയെക്കുറിച്ച് മാത്രമൊരു ആത്മഭാരമോ, ദർശനമോ ഉണ്ടായിട്ടില്ല. ദൈവം എന്നെ ഏല്പിക്കുന്ന പ്രവർത്തനത്തിൽ സജീവമായി പ്രവർത്തിക്കുക, അത് നോർത്തിന്ത്യയോ മറ്റ് സംസ്ഥാനങ്ങളോ ആയാലും. ചുരുക്കത്തിൽപ്പറഞ്ഞാൽ കർണ്ണാടകയെക്കുറിച്ചുള്ള ആത്മഭാരമല്ല, മറിച്ച് പാസ്റ്റർ സാം ജോർജ്ജുമായുള്ള ബന്ധമാണ് എന്നെ ഈ നേതൃത്വം ഏറ്റെടുക്കുവാൻ പ്രേരിപ്പിച്ചത്. ഇതൊരു ദൈവീക നിയോഗമായി ഞാൻ കണക്കാക്കുന്നു. ഞാൻ കേട്ടിടത്തോളം കർണ്ണാടകയിൽ സുവിശേഷവേലക്ക് വേണ്ടി പണം മുടക്കിയാലും, അദ്ധ്വാനിച്ചാലും മറ്റു

*(ശേഷം പേജ് 2 ൽ)*

# ഐ.പി.സി വൻകുതിപ്പിന് ഒരുങ്ങുന്നു

- നാല്പതു ദിവസ ഉപവാസ പ്രാർത്ഥന ഏപ്രിൽ 16 മുതൽ.
- കൺവൻഷൻ നടത്തുന്നതിന് കുമ്പനാട്ട് പുതിയ ഗ്രൗണ്ട് വാങ്ങുന്നു.
- 1500 പേർക്ക് ഇരിക്കാവുന്ന എ.സി.ഓഡിറ്റോറിയമുൾപ്പെടെ കുമ്പനാട്ട് വൻ വികസന പദ്ധതികൾ
- ഒറീസ, ഹരിയാന, യു.പി.സ്റ്റേറ്റുകളിൽ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു.

കുമ്പനാട്: മാറ്റത്തിന്റെ കൊടുങ്കാറ്റ് സൃഷ്ടിച്ച പാസ്റ്റർ ജേക്കബ് ജോണിന്റെ നേതൃത്വത്തിൽ ഐ.പി.സി. ജനറൽ കൗൺസിൽ വൻവികസന പദ്ധതികൾക്ക് രൂപം നൽകി. സഭയുടെ ആത്മിയ വളർച്ചയോടൊപ്പം പതിറ്റാണ്ടുകളായി മുരടിച്ചു കിടക്കുന്ന ഭൗതിക സാഹചര്യങ്ങൾക്ക് മാറ്റം വരുത്താനുള്ള വൻപദ്ധതികൾ നടപ്പിലാക്കുവാൻ കൗൺസിൽ തീരുമാനിച്ചു. മാർച്ച് 6ന് കുമ്പനാട് നടന്ന പുതിയ ജനറൽ കൗൺസിലിന്റെ പ്രഥമ സമ്മേളനമാണ് സഭയെ പുതുയുഗത്തിലേക്ക് നയിക്കുന്ന തീരുമാനങ്ങൾക്ക് വേദിയായത്.

ജനറൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ജേക്കബ് ജോൺ ഇലക്ഷന് മുൻപേ പ്രഖ്യാപിച്ച നാല്പതു ദിവസ ഉപവാസ പ്രാർത്ഥന എന്ന ആശയം കാര്യമായ എതിർപ്പുകൾ കൂടാതെ അംഗീകരിച്ചു. ജനറൽ കൗൺസിലിലേക്ക് മുന്ന് നോമിനേറ്റഡ് അംഗങ്ങളെ തിരഞ്ഞെടുത്തു. പാസ്റ്റർ ജോൺ കെ. മാത്യു, പാസ്റ്റർ ടി.ടി തോമസ് ബഹറിൻ, ബെന്നി പുള്ളോലിക്കൽ കോട്ടയം എന്നിവരാണ് വോട്ടവകാശമില്ലാത്ത അംഗങ്ങളായി കൗൺസിലിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ടിരിക്കുന്നത്.

ഐ.പി.സി.ഇന്റർനാഷണൽ ബിൽഡിംഗ് മുന്നു നിലകൾ കൂടെ പണിത് പൂർത്തീകരിക്കുവാൻ തീരുമാനിച്ചു. ഇതിന്റെ ഒരു നില എ.സി. ഓഡിറ്റോറിയമാക്കി മാറ്റാനാണ് പദ്ധതി. മധ്യതിരുവിതാംകൂറിലെ ഏറ്റവും വലിയ എ.സി.ഓഡിറ്റോറിയമായിരിക്കും ഇത്. ഈ കെട്ടിടത്തിന്റെ ഏറ്റവും മുകൾനിലയിൽ 24 മണിക്കൂർ പ്രയർ ടവ്വർ നിർമ്മിക്കും. ഇന്റർനാഷണൽ ബിൽഡിംഗിന്റെ പൂർത്തീകരണത്തിന് ആറുകോടി രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ പ്രാരംഭ പണികൾ ആരംഭിക്കുന്നതിന് ജനറൽ കൗൺസിലിന്റെ അഞ്ച് എക്സിക്യൂട്ടീവ് അംഗങ്ങൾ പത്തു ലക്ഷം വീതം സംഭാവനയായി നൽകിക്കഴിഞ്ഞു.

കുമ്പനാട്ടെ ഗ്രൗണ്ട് കൺവൻഷൻ സമയത്ത് നിറഞ്ഞു കവിഞ്ഞ് ജനം ബുദ്ധിമുട്ടുന്നതിന് എത്രയും വേഗം പരിഹാരം ഉണ്ടാക്കുവാനും കൗൺസിൽ തീരുമാനിച്ചു. കുമ്പനാട്ട് അനുയോജ്യമായി സ്ഥലം കണ്ടെത്തി വാങ്ങുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. പതിനാറു കോടി രൂപ ചിലവു വരുന്ന പ്രൊജക്ടാണ് പ്ലാൻ ചെയ്യുന്നത്.

ജനറൽ കൗൺസിലിലേക്കുള്ള അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ കൗൺസിൽ തീരുമാനിച്ചു. വിവിധ സ്റ്റേറ്റുകൾക്ക് പ്രാതിനിധ്യം കിട്ടത്തക്കവണ്ണം പതിനൊന്ന് പാസ്റ്റർമാരെയും പത്തു വിശ്വാസികളെയും പുതുതായി ഉൾപ്പെടുത്താനാണ് തീരുമാനം.

തർക്കം നിലനിൽക്കുന്ന ഒറീസ്സ, ഹരിയാന, യു.പി.സ്റ്റേറ്റുകളിൽ ജനറൽ കൗൺസിലിന്റെ ചുമതലയിൽ എത്രയും വേഗം ഇലക്ഷൻ നടത്താൻ തീരുമാനമായി. കൗൺസിൽ ദിവസം തന്നെ കുമ്പനാട്ടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നിർവ്വഹിച്ചു.

## ഏപ്രിൽ 16 മുതൽ കുമ്പനാട്ട് ഉപവാസ പ്രാർത്ഥന

കുമ്പനാട്: ഐ.പി.സി.ആസ്ഥാനമായ കുമ്പനാടിന്റെ ചരിത്രത്തിൽ ആദ്യമായി തുടർമാനമായ നാല്പതുദിവസ ഉപവാസപ്രാർത്ഥനക്ക് വേദിയാകുന്നു. ജനറൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ജേക്കബ് ജോൺ തിരഞ്ഞെടുപ്പിന് മുമ്പ് പ്രഖ്യാപിച്ചതനുസരിച്ച് പ്രാർത്ഥനക്ക് കൗൺസിൽ അംഗീകാരം നൽകുകയായിരുന്നു. തുടർമാനമായി നാൽപ്പതു ദിവസവും അദ്ദേഹം കുമ്പനാട്ട് ഉപവാസമിരിക്കും. ലോകമെങ്ങും നിന്നും വൻ പ്രതികരണമുണ്ടാക്കിയിരിക്കുന്ന പ്രാർത്ഥനയിൽ പങ്കെടുക്കുവാൻ ആയിരങ്ങൾ എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു. ഐ.പി.സിക്കാരുടെ മാത്രം പ്രാർത്ഥനയായിട്ടല്ല എല്ലാ പെന്തെക്കോസ്തു സഭാനേതാക്കളെയും ഉൾക്കൊള്ളിച്ചുകൊണ്ട് വിപുലമായ നിലയിൽ പ്രാർത്ഥന നടത്താനാണ് കൗൺസിൽ തീരുമാനം.

എല്ലാ പെന്തെക്കോസ്തു സഭകളുടെയും ഉണർവ്വ് ലക്ഷ്യമാക്കുന്നതായും, ഭാരതത്തിന്റെ ഐശ്വര്യത്തിനായുള്ള പ്രാർത്ഥനയുമാണിതെന്നും പാസ്റ്റർ ജേക്കബ് ജോൺ പ്രഖ്യാപിച്ചു.

# കർണ്ണാടക എനിക്ക് ദൈവനിയോഗം: പാസ്റ്റർ വിത്സൻ ജോസഫ്

*1-ാം പേജ് തുടർച്ച*

സംസ്ഥാനങ്ങളെ അപേക്ഷിച്ച് സുവിശേഷവേലയുടെ സാധ്യതകൾ കൂടുതലാണ്. എന്നാൽ എടുത്തു പറയുവാൻ കഴിയുന്നത് സാമ്പത്തികമില്ലായെങ്കിൽ കർണ്ണാടകയിലുള്ള ഗ്രാമങ്ങളിലെ സഭകൾക്ക് വളർച്ചയുണ്ടാകയില്ല. പക്ഷേ ഞാൻ കർണ്ണാടകയിൽ ഒരു വലിയ കൊയ്ത്തിന്റെ സാധ്യത കാണുന്നു.

*ഇങ്ങനെ സഭാ നേതൃത്വത്തിലേക്ക് എന്നെങ്കിലും എത്തിച്ചേരുമെന്ന് ചിന്തിച്ചിരുന്നുവോ?*

പ്രതീക്ഷിക്കുന്ന രീതിയിലല്ലല്ലോ ഓരോ കാര്യങ്ങളും നടക്കുന്നത്. ഞാൻ ഇതിനേക്കാൾ വലിയത് പ്രതീക്ഷിച്ചിരുന്നു. ഐ.പി.സി.യുടെ വൈസ് പ്രസിഡന്റായി മത്സരിക്കുവാനിരിക്കയായിരുന്നു. എന്നാൽ കർത്താവ് എന്നെ വേറെ ദിശയിലേക്ക് മാറ്റി. കർണ്ണാടകയിലെ പ്രസിഡന്റ് സ്ഥാനത്തേക്കാൾ വലിയതാണ് വൈസ് പ്രസിഡന്റ് സ്ഥാനം എന്നത്. ഐ.പി.സിയുടെ വൈസ് പ്രസിഡന്റ് എന്നത് ഒരു സുവിശേഷവേലയല്ല, മറിച്ച് ഒരു സ്ഥാനമാണ്. ഏത് നേതൃത്വമായാലും സാമ്പത്തികം ഒരു വിഷയമാണ്. എന്നാൽ ഞാൻ വിശ്വസിക്കുന്നു ദൈവത്തിന് വലിയവ ചെയ്യുവാൻ കഴിയുമെന്ന്.

*ബിസിനസ് ചെയ്യുന്ന ഒരാളാണ് താങ്കളെന്ന് അറിയുന്നു. അങ്ങനെയെങ്കിൽ യു.എ.ഇ-ലെ ബിസിനസും കർണ്ണാടകയിലെ പ്രസിഡന്റ് സ്ഥാനവും എങ്ങനെ ഒരുമിച്ചു കൊണ്ടുപോകുവാൻ കഴിയും?*

ഞാൻ കൂടുതലായി ബിസിനസിൽ ശ്രദ്ധിക്കുന്നില്ല. ഒരു പാർട്ട്ണർ എന്ന പദവി മാത്രമാണെനിക്കുള്ളത്. ഒരിക്കലും ബിസിനസ് എന്റെ സുവിശേഷവേലക്ക് തടസ്സമാകില്ല എന്ന് ഞാൻ വിശ്വസിക്കുന്നു. കൂടാതെ ബിസിനസിൽ കിട്ടുന്ന വരുമാനത്തിൽ ഒരു പങ്ക് കർത്താവിന്റെ വേലക്ക് ചിലവാക്കാൻ എനിക്ക് കഴിയുന്നുമുണ്ട്. പ്രത്യേകിച്ച് അനേകം പാസ്റ്റേഴ്സിനെ സഹായിക്കുവാൻ എനിക്ക് കഴിഞ്ഞുവെന്ന ചാരിതാർത്ഥ്യമുണ്ട്.

*താങ്കളേക്കാൾ പരിചയവും പ്രായവുമുള്ളവർ ഇപ്പോൾ താങ്കളുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ താങ്കളെടുക്കുന്ന ഓരോ തീരുമാനങ്ങൾക്ക് അവർ എങ്ങനെ പ്രതികരിക്കുമെന്ന് ചിന്തിച്ചിട്ടുണ്ടോ?*

40 വയസ്സുള്ളപ്പോൾത്തന്നെ ഞാൻ ഐ.പി.സി.പത്തനംതിട്ട സെന്ററിന്റെ ചുമുതല ഏറ്റെടുത്തു. ആ സമയത്ത് എന്നേക്കാൾ മുതിർന്ന ശുശ്രൂഷകന്മാർ എന്റെ കീഴിൽ പ്രവർത്തിച്ചിരുന്നു. അന്ന് അവരുടെ അഭിപ്രായത്തിന് ഞാൻ മുൻഗണന കൊടുത്തിരുന്നു. അതു കൊണ്ട് ഇവിടെയും എല്ലാവരോടും ചേർന്ന് പ്രവർത്തിക്കുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

*സാമ്പത്തികമായി വളരെ ഉന്നതിയിൽ ആയതുകൊണ്ടാണ് താങ്കളെ പ്രസിഡന്റ് ആക്കിയതെന്ന് ഒരു അഭ്യൂഹം വിശ്വാസികളുടെ ഇടയിലുണ്ട്. അതിന് താങ്കൾ എങ്ങനെ പ്രതികരിക്കുന്നു?*

ഈ പ്രസ്താവന വ്യക്തിപരമായി പറഞ്ഞാൽ തികച്ചും തെറ്റാണ്. എന്നാൽക്കൂടി സാമ്പത്തികമില്ല എന്നു പറഞ്ഞാൽ ഈ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ ബുദ്ധിമുട്ടാണ്. സാമ്പത്തികമുണ്ടായിരുന്നെങ്കിൽ വൈസ് പ്രസിഡന്റ് റ്റി.ഡി.തോമസോ, സെക്രട്ടറി കെ.എസ്.ജോസഫോ ഈ ഉത്തരവാദിത്വം ഏറ്റെടുത്തേനേ.

*കർണ്ണാടകയിൽ പാസ്റ്റർ സാം ജോർജ്ജിനേക്കാൾ അധികം ചെയ്യുവാൻ കഴിയുമെന്ന് താങ്കൾക്ക് തോന്നുന്നുണ്ടോ?*



*ഹാലേലൂയ്യ പ്രതിനിധി ജേക്കബ് ഫിലിപ്പ് പാസ്റ്റർ വിത്സൻ ജോസഫുമായി സംസാരിക്കുന്നു.*

ഒരിക്കലും മറ്റൊരാളുമായി എന്നെ തുലനം ചെയ്യുവാനാഗ്രഹിക്കുന്നില്ല. ഞാൻ വളർന്നു വന്ന സാഹചര്യം വെച്ച് കർണ്ണാടകയിൽ വലിയവ ചെയ്യുവാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.

*കർണ്ണാടകയിലെ ആത്മിക നിലവാരത്തിൽ താങ്കൾ സംതൃപ്തനാണോ?*

കൺവൻഷനുകളിൽ വലിയ ആത്മിക ഉണർവ്വ് ഞാൻ കാണുന്നു. യഥാർത്ഥമായ ആത്മിക നിലവാരത്തിലെ അവസ്ഥ എന്താണെന്ന് എനിക്കറിയില്ല. വിവിധ സഭകൾ സന്ദർശിച്ച് എന്തു ചെയ്താൽ അവിടുത്തെ ആത്മീയനിലവാരം ഉയർത്തുവാൻ കഴിയുമെന്ന് പഠിച്ചതിനുശേഷം വേണ്ടത് ചെയ്യാൻ ശ്രമിക്കും. ആത്മികനിലവാരം ഉയർത്തുക, ആത്മാക്കൾ മുന്നോട്ട് വരുക, സഭ വളരുക എന്നതാണ് എന്റെ ഉദ്ദേശ്യം.

*9) അഡ്മിനിസ്ട്രേഷനിൽ എന്തെങ്കിലും വ്യത്യാസം വരുത്തുവാൻ താങ്കൾ ആഗ്രഹിക്കുന്നുവോ?*

പാസ്റ്റർ സാം ജോർജ്ജ് വന്നതിന്ശേഷം ഓഫീസ് അഡ്മിനിസ്ട്രേഷനിൽ വളരെ വ്യത്യാസം വന്നിട്ടുണ്ട്. ഇനിയും എന്തെങ്കിലും വ്യത്യാസം വരുത്തണമോയെന്ന് വിശദമായി പഠിച്ചതിന് ശേഷമേയുള്ളു. ഇപ്പോഴുള്ള ഡിസ്ട്രിക്ടുകളുടെ ദൂരപരിധി പരിഗണിച്ച് അടുത്തുള്ള സഭകൾ അടുത്തുള്ള ഡിസ്ട്രിക്ടുക്കുമായി ബന്ധിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

*കർണ്ണാടകയിലെ പ്രസിഡന്റാകുവാൻ പ്രേരിപ്പിച്ചത് അധികാരമോഹമാണോ?*

ഞാൻ യു.എ.ഇ.റീജിയൻ പ്രസിഡന്റായിരുന്നു. വേറെ പല സ്ഥാനങ്ങളും എനിക്കുണ്ടായിരുന്നു. ദൈവത്തിന്റെ പ്രവർത്തി മാത്രമാണ് ഞാനിവിടെയായിരിക്കുന്നത്. മറിച്ച് അധികാരമോഹമല്ല.

*പാസ്റ്റർ സാം ജോർജ്ജ് നാലു വർഷമായി കർണ്ണാടകയിൽ പ്രസിഡന്റായി പ്രവർത്തിച്ചു. ഇപ്പോൾ കേരളാ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. അതുപോലെ താങ്കളും പുതിയ സ്ഥാനം കിട്ടിയാൽ പോകുമോ?*

തീർച്ചയായും. ദൈവം ഓരോ പദവി തരുന്നത് അനുഗ്രഹമാണ്. ഇതിനേക്കാൾ ഉയർന്ന പദവിയാണ് ജനറൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ. കർത്താവ് ഈ സ്ഥാനങ്ങൾ തരുമെങ്കിൽ തീർച്ചയായും പോകുമെന്നുറപ്പാണ്.

*കുടുംബത്തെക്കുറിച്ച്?*

ഭാര്യ മേഴ്സി. ഞങ്ങൾക്ക് മൂന്നു കുഞ്ഞുങ്ങളുണ്ട്. ജോവിൻ എഞ്ചിനിയറിംഗ് കഴിഞ്ഞിരിക്കയാണ്. ജസ്റ്റിനും ജിഷയും എം.ബി.ബി.സ് കഴിഞ്ഞിരിക്കയാണ്. മൂന്നു പേരും ഞങ്ങളുടെ ബിസിനസ് നടത്തുന്നു.

## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| **വിദേശത്തേക്ക്** | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

## ഹാലേലൂയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000


## PRAYER CELL

**പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.**

**Prayercell, Ponkunnam P.O., Kerala, Pin 686 506**
**Ph : 04828-223287**
**E-mail : prayercell@rediffmail.com**



FORM IV (SEE RULE 8)
Staement of ownership and other partiuclars about the News Paper Hallelujah

| | |
|---|---|
| Place of Publication | Thiruvalla |
| Periodicity | Fortnightly |
| Printer | Plency Gerge |
| Whether citizen of India | Yes |
| Address | Mullankuzhiyil Hallelujah, Amalloor, Manjadi P.O., Thiruvalla |
| Publisher's Nationality | Indian |
| Name,and Address | As above |
| Editor | Samkutty M. Chacko |
| Whether citizen of India | Yes |
| Address | Mullankuzhiyil Hallelujah, Amalloor, Manjadi P.O., Thiruvalla |
| Name and Address of the Owner | Plency George, Mullankuzhiyil m Hallelujah, Amalloor, Manjadi P.O., Thiruvalla |

I Plency George here by declare that the particulars given above are true to the best of my knowledge and belief.

15-03-2013 Plency George



# FAITH CHILDREN'S HOME

Kunnappuzha, Aramada P.O., Thiruvananthapuram 695032
Kerala, India. Phone:0471-2356348



*ചെയർമാൻ പാസ്റ്റർ തോമസ് കെ. തോമസിനോടൊപ്പം ഫെയ്ത്ത് ചിൽഡ്രൻസ് ഫോമിലെ കുട്ടികൾ*

## അപേക്ഷ ക്ഷണിക്കുന്നു

രോഗം, സാമ്പത്തിക തകർച്ച കുടുംബത്തകർച്ച മുതലായ കാരണങ്ങളാൽ വിദ്യാഭ്യാസം നടത്തുവാൻ കഴിവില്ലാത്ത പെൺകുട്ടികൾക്ക് 10-ാം ക്ലാസ് വരെ സൗജന്യ വിദ്യാഭ്യാസം നൽകുന്നു. അഡ്മിഷൻ 5 വയസ് മുതൽ 10 വയസ് വരെ. അടുത്ത സ്കൂൾ വർഷത്തേക്ക് ചില ഒഴിവുകളുള്ളതിനാൽ ഉടൻ അപേക്ഷിക്കുക. കുട്ടിയുമായി ഓഫീസിൽ വരിക.

ഇവിടെ 10-ാം ക്ലാസ് പൂർത്തീകരിച്ച് +1, +2, നേഴ്സിംഗ് മുതലായ പഠനങ്ങളിൽ പൂർവ്വ വിദ്യാർത്ഥികൾ പഠനം നടത്തുന്നു. കഴിഞ്ഞ 16 വർഷങ്ങളായി നടത്തപ്പെടുന്നു.

**FAITH CHILDREN'S HOME,**
Kunnappuzha, Aramada P.O.,
Thiruvananthapuram 695032
Kerala, India.Phone:0471-2356348



AMEN ONLINE THEOLOGICAL SEMINARY
ഇൻഡ്യയിലെ ആദ്യത്തെ ഓൺലൈൻ സെമിനാരി
C.Th, G.Th, B.Th, M.Div, M.Th എന്നീ കോഴ്സുകൾ ലഭ്യമാണ്
മലയാളത്തിലും ഇംഗ്ലീഷിലും പഠിക്കുവാൻ അവസരം
Accredited by: IACEA, USA & Faith Theological Seminary, Manakkala
Visit us: www.amenseminary.com
Phone: +914734-224616, Mob: 8086680468
AMEN NEWS
ഇംഗ്ലീഷിലും, മലയാളത്തിലും നിങ്ങളിൽ എത്തുന്ന ക്രൈസ്തവലോകത്തെ ഏക ഓൺലൈൻ പത്രം
Visit us: www.amennewsreport.com

**യാത്രക്കിടയിൽ**

സാംകുട്ടി ചാക്കോ
നിലമ്പൂർ

# കുക്കുസായിപ്പിനോട് ആദരവോടെ ഒരു വിയോജന കുറിപ്പ്



കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിച്ചിരുന്നതുപോലെ കുക്കുസായിപ്പിന്റെ ആത്മകഥ വായിച്ചപ്പോൾ തോന്നിയ ചില ചിന്തകളാണ് ഈ കുറിപ്പിന്റെ ഉള്ളടക്കം. മലയാളി പെന്തെക്കോസ്ത് സമൂഹത്തിന് ആദരവോടെയല്ലാതെ കുക്കുസായിപ്പിനെ ഓർക്കുവാനാവില്ല. ധാരാളം മിഷനറിമാർ കേരളത്തിൽ വരികയും പ്രേഷിത പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ആധുനിക കേരളത്തിന്റെ ശില്പികളുടെ പേരെഴുതുമ്പോൾ ശ്രീനാരായണഗുരുവിനേയും, അയ്യങ്കാളിയേയും എന്തിനേറെ പൊയ്കയിൽ യോഹന്നാനുപദേശി എന്ന കുമാരഗുരുദേവനെ വരെ വലിയ പ്രാധാന്യത്തോടെ അവതരിപ്പിക്കാറുണ്ട്. എന്നാൽ അവരോളമോ അവരെക്കാളധികമോ ഈ സമൂഹത്തിന്റെ ഉന്നമനത്തിന് സംഭാവന നൽകിയ മിഷനറിമാരെ ബോധപൂർവ്വം അവഗണിക്കുന്നതിനാണ് മലയാളിയുടെ സാംസ്കാരിക നായകന്മാരും രാഷ്ട്രീയ നേതൃത്വവുമൊക്കെ ശ്രമിച്ചിട്ടുള്ളത്. വളരെ വിശാലമായ ഒരു വിഷയമാകയാൽ ഞാനാഭാഗത്തേക്ക് ഇപ്പോൾ കടക്കുന്നില്ല.

കേരളത്തിൽ എത്തിയ പെന്തെക്കോസ്ത് മിഷനറിമാരിൽ കുക്കുസായിപ്പിനോളം ഈ സമൂഹത്തോട് താദാത്മ്യം പ്രാപിച്ച മറ്റൊരാൾ ഉണ്ടോ എന്ന് സംശയമാണ്. മിക്ക മിഷനറിമാരും അക്കാലത്ത് ലഭ്യമായ എല്ലാം വിധ സൗകര്യങ്ങളോടും കൂടെ മിഷൻ ഹൗസുകളിൽ പാർക്കുകയും തദ്ദേശീയർക്ക് സുവിശേഷവും സഹായങ്ങളും നൽകുകയും ചെയ്തപ്പോൾ കുക്ക് സായിപ്പ് അധകൃതരെന്ന് പറഞ്ഞ് സമൂഹം തീണ്ടാപ്പാടകലത്തിൽ മാറ്റിനിർത്തിയ ഹരിജനങ്ങളോടൊപ്പം ജീവിച്ചു. അവരുടെ കുടിലുകളിൽ അന്തിയുറങ്ങി. അവരുടെ ആഹാരം ഭക്ഷിച്ചു. ഇത്രയധികം ആഴമായി മലയാളിയെ സ്നേഹിച്ച കുക്കുസായിപ്പിനും കുടുംബത്തിനും അർഹിക്കുന്ന ആദരവ് നൽകാൻ മലയാളി പെന്തെക്കോസ്ത് സമൂഹത്തിന് സാധിച്ചില്ല എന്നതാണ് വാസ്തവം.

കുക്ക് സായിപ്പിന്റെ ഇന്ത്യാ സന്ദർശനത്തിന്റെ ശതാബ്ദി ആഘോഷമാണിപ്പോൾ. അതിന് നേതൃത്വം നൽകുന്നത് ചർച്ച് ഓഫ് ഗോഡ് പ്രസ്ഥാനമാണ്. അവർ അത് ചെയ്യുന്നതിൽ തെറ്റില്ല. കാരണം അവസാനത്തെ പതിനാല് വർഷങ്ങൾ അദ്ദേഹം ചർച്ച് ഓഫ് ഗോഡുമായുള്ള ബന്ധത്തിലാണ് ഇന്ത്യയിൽ താമസിച്ചത്. കുക്കുസായിപ്പ് സഭകൾ സമ്പാദ്യങ്ങൾ എല്ലാം ചർച്ച് ഓഫ് ഗോഡിന് കൈമാറി. എന്നാൽ 12 വർഷം ഓവർസിയറായിരുന്ന സായിപ്പിനെ അദ്ദേഹത്തിന്റെ ഇഷ്ടത്തിന് വിരുദ്ധമായി ഓവർസിയർ സ്ഥാനത്തു നിന്ന് ഒഴിവാക്കി. വളരെ വിഷമത്തോടെയാണ് അദ്ദേഹം ഇന്ത്യ വിട്ടത്. കുക്കു സായിപ്പിന്റെ കണ്ണീരു വീണ മുളക്കുഴയിലെ സിംഹാസനം പിന്നീട് അതിലിരുന്നവർക്കെല്ലാം തിക്താനുഭവങ്ങളാണ് സമ്മാനിച്ചത്. ഓവർസിയറായിരുന്ന പാസ്റ്റർ എം.വി ചാക്കോ അവസാനകാലത്ത് ഐ.പി.സിയിൽ ചേരേണ്ടി വന്നു. തുടർന്നു വന്ന പി.എ.വി സാം വല്ലാതെ അപമാനിക്കപ്പെട്ടു. വി.സി ഇട്ടി അകാലത്തിൽ നിര്യാതനായി. കെ.സി ജോൺസൻ തൃപ്തനാകാതെ ഓവർസിയർ സ്ഥാനത്തു നിന്ന് പുറത്താക്കപ്പെട്ടു. സകല പ്രതാപത്തോടെയും ഭരണം നടത്തിയ എം. കുഞ്ഞപ്പി അപമാനിതനായി തലകുനിച്ച് പടിയിറങ്ങേണ്ടി വന്നു. അടുത്ത ഊഴം പി.ജെ ജെയിംസ് സാറിന്റേതാണ് അദ്ദേഹത്തിനുള്ള കുഴിയും വെട്ടി തുടങ്ങിയ ശബ്ദം പുറത്തു കേട്ടു തുടങ്ങി. കുക്ക് സായിപ്പിന്റെ ശാപം മാറ്റാൻ തങ്കുബ്രദറിനേയോ തോമസുകുട്ടി ബ്രദറിനേയോ വിളിച്ച് ഒരു ശാപമുക്തി ശുശ്രൂഷ ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതേയുള്ളു. (കാനം അച്ചന് ഇഷ്ടപ്പെട്ടില്ലെങ്കിലും തോമസ്കുട്ടി ബ്രദറായിരിക്കും നല്ലത്. അദ്ദേഹം പഴയ ചർച്ച് ഓഫ് ഗോഡുകാരനും കാനം അച്ചന്റെ ശിഷ്യനുമാണല്ലോ)

ഏതായാലും കുക്കുസായിപ്പിന്റെ ആത്മകഥ അച്ചടിക്കാനും അതിന്റെ പത്ത് കോപ്പി വീതം ഓരോ ലോക്കൽ സഭയിലേയും ശുശ്രൂഷകന്മാരുടെ തലയിൽ വെച്ചു കൊടുക്കാനും കാണിച്ച ബുദ്ധിയെ അഭിനന്ദിക്കുന്നു. ചത്താലും പുസ്തകം വായിക്കില്ലെന്ന് നിർബന്ധമുള്ളവരെക്കൊണ്ട് കുക്ക്സായിപ്പിന്റെ പുസ്തകം വാങ്ങിപ്പിക്കാനെങ്കിലും സഭക്ക് സാധിക്കുന്നത് ചില്ലറക്കാര്യമല്ല.

ഈ പുസ്തകത്തിൽ കണ്ടതും കാണാത്തതുമായ ചില കാര്യങ്ങളിലേക്ക്.

കുക്ക് സായിപ്പ് 1914 ജനുവരിയിലാണ് കേരളത്തിലെത്തുന്നത്. അതിനും മുമ്പ് കേരളത്തിൽ പെന്തെക്കോസ്ത് സഭ ഉണ്ടായിരുന്നു. പെന്തെക്കോസ്ത് വിശ്വാസികളും ശുശ്രൂഷകന്മാരും ഉണ്ടായിരുന്നു. അവർക്കിടയിലേക്കാണ് കുക്ക് സായിപ്പ് കാളവണ്ടി കയറി വന്നത്. എന്നാൽ കുക്ക് സായിപ്പ് ആത്മകഥയിൽ ഈ വിവരം വിദഗ്ദമായി മറച്ചു വച്ചു. മലയാളം പരിഭാഷ 54-ാം പേജിൽ കൊട്ടാരക്കരയിലെത്തിയ ശേഷം തുവയൂരിലേക്ക് പോയ കഥ പറയുന്നുണ്ട്. അവിടെ സ്വീകരിക്കാൻ എത്തിയ 'ഒരു കൂട്ടർ' എന്നു മാത്രമാണ് അദ്ദേഹം പറയുന്നത്. തുവയൂരിൽ അന്ന് പരുത്തുംപാറ ഉമ്മച്ചന്റെ നേതൃത്വത്തിൽ ശക്തമായ ഒരു പെന്തെക്കോസ്ത് സഭ ഉണ്ടായിരുന്നു. അവർക്ക് കുക്ക് എന്ന യുവ മിഷനറി വരുന്ന വിവരം അറിയാമായിരുന്നു. സായിപ്പിനെ സ്വീകരിക്കാൻ സഭയായി അവർ തയ്യാറെടുത്തു കഴിഞ്ഞിരുന്നു. എന്നാൽ കുക്ക് സായിപ്പ് പുസ്തകം എഴുതിയപ്പോൾ ഈ ചരിത്രമെല്ലാം ബോധപൂർവ്വം മറച്ചുവെച്ചു. പിന്നീട് തുവയൂരിലെ പല കഥകൾ പുസ്തകത്തിൽ വിവരിക്കുന്നുണ്ടെങ്കിലും പരുത്തുംപാറ ഉമ്മച്ചനെയോ, വള്ളിവിളയിൽ വർഗീസ് തോമസിനെയോ, കോശി മത്തായിയേയോ ഒന്നും പേരുകൊണ്ടുപോലും പരാമർശിക്കുന്നില്ല. സായിപ്പ് പുസ്തകമെഴുതിയപ്പോൾ അദ്ദേഹമാണ് കേരളാ പെന്തെക്കോസ്ത് സ്ഥാപിച്ചതെന്ന് വരുത്തി തീർക്കുവാനുള്ള ബോധപൂർവ്വമായ ശ്രമം നടത്തിയിട്ടുണ്ടെന്ന് അദ്ദേഹത്തോടുള്ള സകല ആദരവും നിലനിർത്തിക്കൊണ്ടു തന്നെ പറയേണ്ടി വരുന്നു.

കുക്ക് സായിപ്പ് അമേരിക്കയിൽ നിന്ന് ഇന്ത്യയിലെത്താൻ മുഖാന്തരമായ ജോർജ് ബർഗ്ഗിന്റെ പേരുപോലും ആത്മകഥയിൽ നിന്ന് ഒഴിവാക്കിയെന്നതാണ് ഏറെ വേദനാജനകം. കാലഫോർണിയയിലെ ലോസാഞ്ചലസിൽ 1912-ൽ നടന്ന ഒരു മിഷൻ ചലഞ്ച് ക്യാമ്പിൽ പങ്കെടുക്കവെയാണ് കുക്ക് സായിപ്പിന് ഇന്ത്യയിൽ പോകുവാൻ നിയോഗം ലഭിക്കുന്നത്. ആ ക്യാമ്പിൽ ഇന്ത്യയിൽ മിഷനി പ്രവർത്തനം നടത്തി മടങ്ങിയെത്തിയ ജോർജ് ബർഗ്ഗിന്റെ മിഷൻ യാത്രാ വിവരണമാണ് കുക്ക് സായിപ്പിനെ ഈ തീരുമാനത്തിലേക്ക് നയിച്ചത്. ക്യാമ്പിനിടെ തനിക്ക് ഇന്ത്യയിൽ പോകണമെന്ന ആഗ്രഹം വ്യക്തമാക്കിയപ്പോൾ ജോർജ് ബർഗ് താൻ ഇന്ത്യയിലേക്ക് മടങ്ങുമ്പോൾ കൂടെ പോരാൻ നിർദ്ദേശിച്ചു. അങ്ങനെ ഇവർ ഒരുമിച്ചാണ് 1913-ൽ ബാംഗ്ലൂരിലെത്തുന്നത്. പക്ഷെ കുക്കു സായിപ്പ് ഇതൊന്നും വിശദമാക്കുന്നില്ല. എന്നു മാത്രമല്ല. ബർഗ്ഗിനെതിരെ ഗുരുതരമായ ഒരു ആരോപണം പേരു പറയാതെ താൻ ഉന്നയിക്കുന്നുമുണ്ട്. ബർഗിലൂടെ പെന്തെക്കോസത് വിശ്വാസം സ്വീകരിച്ച തുവയൂരിലെ സഭയിലേക്ക് കുക്കുസായിപ്പിനെ ഗൈഡ് ചെയ്തത് ഉറപ്പായും ബർഗ് തന്നെ ആയിരിക്കും. ബർഗിന്റെ നിർദ്ദേശാനുസരണമാകാം തുവയൂരുകാർ കുക്കു സായിപ്പിനെ രണ്ടു കയ്യും നീട്ടി സ്വീകരിച്ചത്

എന്തായാലും സായിപ്പിന്റെ പുസ്തകം മറ്റു പലതും മറച്ചുവെക്കുന്നുണ്ട്. അതിനെക്കുറിച്ച് അടുത്തലക്കത്തിൽ.

**സൃഷ്ടിയോ പരിണാമമോ? 3**

# ഭൂമി പിരിഞ്ഞുപോയതും വൻകര വിസ്ഥാപനസിദ്ധാന്തവും



ജോസഫ് ഇടക്കാട്ടിൽ

അടുത്ത കാലത്ത് ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയ ഒരത്ഭുത ഭൂമിശാസ്ത്രതത്വമാണ് പ്രാചീനകാലത്ത് ഭൂമി ഒരൊറ്റ വൻകരയായിരുന്നു എന്നത്. ഉല്പത്തിപുസ്തകം പത്തും പതിനൊന്നും അദ്ധ്യായങ്ങൾ വായിച്ചാൽ ഭൂമിയിലൊക്കെയും ഒരേഭാഷയും ഒരേ വാക്കുമുള്ള (ഉൽപത്തി11:1) ജനങ്ങളാണ് അധിവസിച്ചിരിക്കുന്നതെന്ന് നമുക്ക് മനസ്സിലാകും മൂവ്വായിരത്തി അഞ്ഞൂറുകൊല്ലം മുമ്പെഴുതിയ ഉല്പത്തിപുസ്തകത്തിൽ പേലെഗിന്റെ കാലത്ത് ഭൂമിപിരിഞ്ഞുപോയി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മലയാള ഭാഷാന്തരത്തിൽ ഭൂവാസികൾ പിരിഞ്ഞുപോയി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (ഉല്ലത്തി 10:25) ഉല്പത്തി പതിനൊന്നാം അധ്യായത്തിൽ ഭൂവാസികൾ ചിതറിപോയ കാര്യവും വിവിധഭാഷകൾ ഉടലെടുക്കുവാനുള്ള മൂലകരണവും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ഇന്നു കാണുന്ന ഏഴ് വൻകരകൾ ഒരു കാലത്ത് ഒന്നിച്ചു കിടന്നിരുന്നുവെന്നും അവ പിന്നീട് പൊട്ടിപ്പിളർന്ന് പിരിഞ്ഞുപോയതാണെന്നും ഒരു 'മഹാകണ്ടുപിടിത്തം' നടത്തിയിട്ട് കേവലം നൂറുകൊല്ലം മാത്രം ആയിട്ടുള്ളൂ 1912 ലാണ് ജർമ്മൻ ശാസ്ത്രജ്ഞനായ ആൽഫ്രഡ് വെഗ്നർ വൻകര വിസ്ഥാപന സിദ്ധാന്തം അവതരിപ്പിക്കുന്നത്.

വിവിധ വൻകരകളുടെ രൂപീകരണത്തെക്കുറിച്ച് തിരുവചനത്തിൽ നൂറ്റാണ്ടുകൾക്ക് മുമ്പ് രേഖപ്പെടുത്തിയ കാര്യങ്ങൾ പിന്നീട് മഹാ കണ്ടുപിടിത്തങ്ങളായി ശാസ്ത്രലോകം അവതരിപ്പിക്കുമ്പോൾ ദൈവമക്കൾക്ക് ഇതിനെക്കുറിച്ച് ഒരുധാരണ അത്യാവശ്യമാണ്,

എന്താണ് വൻകര വിസ്ഥാപനസിദ്ധാന്തം?

പ്രാചീനകാലത്ത് ഭൂമി ഒരൊറ്റ വൻകരയായി സ്ഥിതിചെയ്തിരുന്നു. ആ വൻകരയ്ക്ക് ശാസ്ത്രജ്ഞന്മാർ പിന്നീട് കൊടുത്ത പേരാണ് പാൻജിയ (ഏകഭൂമി എന്നർത്ഥം) പാൻജിയക്ക് ചുറ്റിലുമായി വ്യാപിച്ചുകിടന്നിരുന്ന സമുദ്രമാണ് പന്തലാസ. അതായത് ഒരു കരഭാഗവും ചുറ്റും ഒരു സമുദ്രവും യഥാർത്ഥത്തിൽ ഇന്നും ഒരു സമുദ്രം മാത്രമെ ഉള്ളൂ അതുകൊണ്ടാണ് സമുദ്രത്തിൽ ഒരിക്കലും വെള്ളപ്പൊക്കമുണ്ടാകാത്തത്. ഏതാണ്ട് ഇരുപത്കോടി കൊല്ലങ്ങൾക്ക് മുമ്പ് ഈ ഏക വൻകര (പാൻജിയ) പിളർന്ന് ലോറേഷ്യ എന്നും ഗോണ്ടാനാലാന്റ് എന്നും പേരുള്ള രണ്ട് വൻകരകൾ രൂപം കൊണ്ടത്രെ. സ്വാഭാവികമായി ഇവയുടെ ഇടയിലേക്ക് സമുദ്രജലം കയറിവന്നു ഈ പുതിയ സമുദ്രഭാഗത്തിന് തെഥീസ് എന്നു പേരായി. ലക്ഷകണക്കിന് വർഷങ്ങൾകൊണ്ട് ഈ രണ്ട് കരഭാഗങ്ങൾ പിന്നെയും പിളർന്ന് വിവിധ ദിശകളിൽ തെന്നിമാറി ഇന്നു കാണുന്ന ഏഴ് വൻകരകൾ ഉണ്ടായി എന്നാണ് വെഗ്നറുടെ സിദ്ധാന്തം പറയുന്നത്. പാൻജിയ പിളർന്നു എന്ന കാര്യത്തിൽ തിരുവചനവും ശാസ്ത്രലോകവും യോജിക്കുന്നു. എന്നാൽ ഭൂമിയിൽ മനുഷ്യനും മറ്റും ഉണ്ടാകുന്നതിനുമുമ്പാണ് ഈ പിളർപ്പ് ഉണ്ടായതെന്നാണ് ശാസ്ത്രലോകം പറയുന്നത്. ഭൂമിയിൽ ജലപ്രളയത്തിന് ശേഷമുള്ള നൂറ്റാണ്ടുകളിലാണ് അതായത് പേലെഗിന്റെ കാലത്താണ് വൻകരകൾ പിരിഞ്ഞുപോയതെന്നാണ് ബൈബിൾ പറയുന്നത്.

ഭൂമിശാസ്ത്രം മാത്രമല്ല പ്രപഞ്ച ഉല്പത്തിയുടെ രഹസ്യങ്ങളും തേടേണ്ടത് പരീക്ഷണശാലയിലോ നിരീശ്വരബുദ്ധിയിലോ അല്ല. പ്രപഞ്ച ഉൽപത്തിയെകുറിച്ചുള്ള സകല മർമ്മങ്ങളും മറഞ്ഞിരിക്കുന്നത് തിരുവചനസത്യങ്ങളിലാണ്. തിരുവചനസത്യങ്ങളിൽ മുങ്ങിതപ്പിയാൽ കണ്ടെത്താൻ കഴിയാത്ത പ്രപഞ്ചരഹസ്യങ്ങൾ ഒന്നുമില്ല.

ആൽഫ്രഡ് വെഗ്നർ കൊണ്ടുവന്ന സിദ്ധാന്തങ്ങൾ അനേകശാസ്ത്രജ്ഞന്മാർ തള്ളികക്കളഞ്ഞിട്ടുണ്ട്. അതിനൊരു പ്രധാന കാരണം ഇങ്ങനെ വൻകരകൾ പൊട്ടിപ്പിളരുവാനുള്ള പ്രേരകശക്തിയേതാണെന്ന് തെളിയിക്കുവാൻ വെഗ്നർക്ക് കഴിഞ്ഞിട്ടില്ല എന്നതാണ്. സൂര്യചന്ദ്രന്മാരുടെ ആകർഷണബലം കൊണ്ടാണ് വൻകരകൾ പൊട്ടിപിളർന്നതെന്നാണ് വെഗ്നറുടെ നിഗമനം.

വൻകരകൾ ഒരുകാലത്ത് ഒന്നിച്ചു കിടന്നിരുന്നു എന്ന് ലോകഭൂപടം സൂക്ഷ്മമായി നിരീക്ഷിച്ചാൽ സാധാരണക്കാർക്ക് പോലും മനസ്സിലാക്കാൻ കഴിയുന്നതാണ്. ഉദാഹരണത്തിന് ആഫ്രിക്കൻ വൻകരയുടെ ഉന്തിനിൽക്കുന്ന പടിഞ്ഞാറൻ ഭൂവിഭാഗം തെക്കേഅമേരിക്കയുടേയും വടക്കേ അമേരിക്കയുടെയും വിടവിലേക്ക് വളരെ കൃത്യമായി ചേർത്തുവച്ചാൽ കാര്യം പിടികിട്ടും. അറ്റ്ലാന്റിക് സമുദ്രത്തിന്റെ ഇരുവശത്തുമുള്ള കരഭാഗങ്ങൾ തമ്മിൽ ചേർത്തുവച്ചാൽ വലിയവിടവില്ലാതെ യോജിച്ചിരിക്കുന്നത് കാണാം. ഇർച്ചവാൾ ചേർച്ച എന്നാണിതിനെ വിളിക്കുന്നത്. ഇതു കൂടാതെ വെഗ്നർ അവതരിപ്പിക്കുന്ന ചില തെളിവുകൾകൂടിയുണ്ട്. അറ്റ്ലാന്റിക് സമുദ്രത്തിന്റെ ഇരുവശങ്ങളിലുള്ള പ്രദേശങ്ങളിലെ സസ്യജാലങ്ങൾക്കും ജന്തുവർഗങ്ങൾക്കുള്ള സാമ്യം ഇവ ഒരിക്കൽ ഒന്നിച്ചു കിടന്നിരുന്നു എന്നതിന്റെ തെളിവായി കാണുന്നു. അറ്റ്ലാന്റിക് സമുദ്രത്തിന്റെ ഇരു കരകളിലും നിന്ന് ഖനനംചെയ്ത് എടുത്തിട്ടുള്ള ഫോസിലുകൾക്കും കൽക്കരി, പെട്രോളിയം എന്നിവയുടെയൊക്കെ കാലപ്പഴക്കവും സവിശേഷതകളും കാണിക്കുന്നത് ഇതൊരിക്കൽ ഒന്നിച്ചു കിടന്നിരുന്നുവെന്നാണ് ( ഇവ ഒരേ കാലഘട്ടത്തിൽ ഉണ്ടായതാണെന്നും സമാനതകളുണ്ടെന്നുമുള്ള ശാസ്ത്രിനിഗമനം വിരൽ ചൂണ്ടുന്നത് ഇവയുടെ സൃഷ്ടികർത്താവിലേക്കാണ്)

ഭൂമിശാസ്ത്രം മാത്രമല്ല പ്രപഞ്ചഉല്പത്തിയുടെ രഹസ്യങ്ങളും തേടേണ്ടത് പരീക്ഷണശാലയിലോ നിരീശ്വരബുദ്ധിയിലോ അല്ല. പ്രപഞ്ചഉൽപത്തിയെകുറിച്ചുള്ള സകല മർമ്മങ്ങളും മറഞ്ഞിരിക്കുന്നത് തിരുവചനസത്യങ്ങളിലാണ്. തിരുവചനസത്യങ്ങളിൽ മുങ്ങിതപ്പിയാൽ കണ്ടെത്താൻ കഴിയാത്ത പ്രപഞ്ചരഹസ്യങ്ങൾ ഒന്നുമില്ല.

തിരുവചനത്തിൽ പല ഭാഗങ്ങളിലായി ഭൂകമ്പത്തെക്കുറിച്ച് പറയുന്നുണ്ട്. പ്രത്യേകിച്ച് അന്ത്യകാലസംഭവങ്ങളുമായി ബന്ധിപ്പിച്ച് ഭൂകമ്പത്തെ പരമാർശിക്കുന്നുണ്ട്. സ്വാഭാവികമായി ഭൂകമ്പവും അഗ്നിപർവതവുമൊക്കെ വിശ്വാസികളുടെ ശ്രദ്ധപിടിച്ചുപറ്റുന്ന പ്രതിഭാസങ്ങളാണ്.

തിളച്ചുമറയുന്ന ഭൂമിയുടെ അധോഭാഗത്തെകുറിച്ച് ഇയോബിന്റെ പുസ്തകത്തിൽ പറയുന്നു (28:5) ഭൂമിയുടെ അന്തർഭാഗത്ത് അതികഠിനമായ ഊഷ്മാവാണ്. ഏതാണ്ട് 5000 ഡിഗ്രിയിൽ പാറകല്ലുകളും ലോഹങ്ങളും വരെ വെന്തുരുകുന്ന ഊഷ്മാവും അതികഠിനമായ മർദ്ദവുമാണ് അഗ്നിപർവതസ്ഫോടനത്തിന് കാരണം. അതിമർദത്താൽ ലാവ (ഉരുകിയ പാറ) ഭൂമിയുടെ പുറന്തോട്പൊട്ടിച്ച് പുറത്തേക്ക് കുതിക്കുന്നു. ഇങ്ങനെയുള്ള ലാവാ പ്രവാഹത്തിൽ (ചൂട്ചാരമുൾപ്പെടെ) പെട്ട് ആയിരങ്ങൾ വെന്തുമരിച്ചിട്ടുണ്ട്. സജീവ അഗ്നിപർവ്വതങ്ങൾ കൂടെക്കൂടെ പൊട്ടിത്തെറിക്കുന്നവ) നിർജീവങ്ങൾ, സുഷ്പ്തിയിലാണ്ടവ അഗ്നിപർവതങ്ങൾ പല തരത്തിലുണ്ട് ശാന്തസമുദ്രത്തിന് ചുറ്റും അഗ്നിപർവ്വതങ്ങളുടെ (തീവലയങ്ങൾ എന്നറിയപ്പെടുന്നു) ഒരു വലയം തന്നെയുണ്ട്

ഭൂകമ്പമെന്നാൽ ഭൂമികുലുക്കമാണെന്ന് സാധാരണക്കാർക്ക് വരെ അറിയാം. ഇതുണ്ടാകുന്ന സാഹചര്യവും കാരണങ്ങളും വളരെ അടുത്തകാലത്താണ് ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കുന്നത്. വളരെ അത്ഭുതകരമായ ഒരു കാര്യം ശൂന്യാകാശത്തെകുറിച്ചും നക്ഷത്രങ്ങളെകുറിച്ചുമൊക്കെ നമ്മുടെ ശാസ്ത്രജ്ഞന്മാർക്കുള്ള അറിവും ഭൂമിയുടെ അന്തർഭാഗത്തെക്കുറിച്ചില്ല എന്നതാണ് ഭൂകമ്പത്തിന്റെ കാരണങ്ങളും അതുണ്ടാകുന്ന സാഹചര്യവും അറിയണമെങ്കിൽ ഭൂമിയുടെ പുറംതോടിന്റെ സവിശേഷതകൾ നാം അറി

(ശേഷം പേജ് 4 ൽ)

# പാസ്റ്റർ സി.വി.ജോൺ മറുപടി പറയുന്നു



**1958**-ൽ ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ചാത്തങ്കേരി, തിരുവല്ല, ആമല്ലൂർ എന്നീ സ്ഥലങ്ങളിൽ മാത്രം പ്രവർത്തനമുള്ളപ്പോൾ പ്രസ്ഥാനത്തിൽ വന്ന വ്യക്തിയാണ് ഞാൻ. പാസ്റ്റർ പി.ജെ.തോമസ്, ഏലിയാമ്മ തോമസ് എന്നിവരോടൊപ്പം 43 വർഷവും അല്ലാതെ 10 വർഷവും ചേർത്ത് 53 വർഷം ഈ പ്രസ്ഥാനത്തിന് വേണ്ടി പ്രവർത്തിച്ചു. നാളിതു വരെ പ്രസ്ഥാനത്തിന്റെ വസ്തുവകകളോ, പണമോ അപഹരിച്ചതായി ആർക്കും ആക്ഷേപിക്കുവാൻ കഴിയില്ല. ബോസ് എം.കുരുവിള കഴിഞ്ഞ ലക്കം ഹാലേലുയ്യായിൽ ഉന്നയിച്ച ആരോപണങ്ങൾക്ക് മറുപടി ചുവടെ ചേർക്കുന്നു.

ഡഗ്ലസ് മെമ്മോറിയൽ ചിൽഡ്രൻസ് ഹോമിന്റെ വസ്തുക്കൾ 1961-62 വർഷങ്ങളിൽ ബഹുമാനപ്പെട്ട പാസ്റ്റർ പി.ജെ.തോമസ് തനിക്ക് ആയൂരിലുണ്ടായിരുന്ന തന്റെ പിതൃസ്വത്ത് വിറ്റ് സ്വന്തം പേരിൽ വാങ്ങിയിട്ടുള്ളതാണ്.

വാങ്ങിയ നാൾ മുതൽ ഡഗ്ലസ് മെമ്മോറിയൽ ചിൽഡ്രൻസ് ഹോം എന്ന പേരിൽ അവിടെയുള്ള എല്ലാ സ്വത്തുക്കളും നോക്കി നടത്തി വരുന്നത് പാസ്റ്റർ സി.വി.ജോൺ ആണ്.

1976 കാലഘട്ടം വരെ പാസ്റ്റർ പി.ജെ.തോമസിന്റെ പേരിൽ കരം തീർത്തു വന്ന വസ്തുവക 26-10-1976ൽ ഗസറ്റിൽ കേരളാ ഗവൺമെന്റ് പ്രസിദ്ധപ്പെടുത്തിയതു കൊണ്ട് ഡഗ്ലസ് മെമ്മോറിയൽ ചിൽഡ്രൻസ് ഹോമിന് വേണ്ടി എഴുതിക്കൊടുത്തിട്ടുള്ളതാണ്. അന്നുമുതൽ ഡഗ്ലസ് മെമ്മോറിയൽ ചിൽഡ്രൻസ് ഹോമിന് വേണ്ടി പാസ്റ്റർ പി.ജെ.തോമസിന്റെ പേരിൽ കരം തീർത്തു വരുന്നതാണ്.

ഈ വസ്തുവകകൾ കൈവശപ്പെടുത്തുന്നതിന് യാതൊരു നീക്കവും ഞാൻ നടത്തിയിട്ടില്ല.

ചില വർഷങ്ങൾക്കുമുമ്പ് പാസ്റ്റർ പി.ജെ.തോമസിന്റെ ഭാര്യ ഏലിയാമ്മ തോമസ് തലശ്ശേരി ചാക്കോ സാറിന്റെ സിയാറ്റിലുള്ള മകൻ ബാബുവിനും, ഗുഡ്ന്യൂസ് ചെയർമാനായിരുന്ന വി.എം.മാത്യുസാറിനും വിൽക്കുന്നതിന് ശ്രമം നടത്തിയിരുന്നു. വിലയിലുള്ള പൊരുത്തക്കേടു നിമിത്തം അവർ പിന്മാറി. 2000-ൽ എൻ.എം.രാജു ഈ വസ്തു വാങ്ങുന്നതിനായി ഏലിയാമ്മ തോമസിനെ സമീപിച്ചിരുന്നു. ഈ വസ്തുതകളെല്ലാം ഡോ.റ്റി.ജി.കോശിക്കും, പാസ്റ്റർ എം.ജെ.ജോണിനും, പാസ്റ്റർ എം.എ.വർഗീസിനും എല്ലാം അറിവുള്ളതാണ്. ഈ കാലങ്ങളിൽ ഡോ.റ്റി.ജി.കോശിയോ മറ്റാരും തന്നെയോ ഇത് വില്ക്കുന്നതിന് യാതൊരു തടസ്സവും ഉന്നയിച്ചിരുന്നില്ല.

ഡോ.പി.ജെ.തോമസും ഏലിയാമ്മ തോമസും ജീവനോടിരുന്ന സമയത്ത് തങ്ങളുടെ പിതൃസ്വത്ത് വിറ്റ് വാങ്ങിയ വസ്തു ആകയാൽ അത് വിറ്റ് തങ്ങളുടെ മക്കളെ ഏല്പ്പിക്കണമെന്നായിരുന്നു തന്റെ സന്തത സഹചാരിയായിരുന്ന എന്നോട് പറഞ്ഞിരുന്നത്. അതനുസരിച്ച് കഴിഞ്ഞ വർഷം ഒരു ആവശ്യക്കാരൻ വന്നപ്പോൾ ഞാൻ ജോൺ തോമസി(തോമാച്ചായന്റെ മകൻ)നെ വിവരം അറിയിക്കുക മാത്രമാണ് ചെയ്തത്. വിൽക്കുന്നതിനുള്ള ശ്രമം നടത്തുകയോ അഡ്വാൻസ് വാങ്ങുകയോ ചെയ്തിട്ടില്ല.

മലബാറിൽ ശാരോൻ ഫെലോഷിപ്പിന്റെ പേരിലുള്ള സ്ഥലത്തിന് 100 കോടിയാണ് ബോസ് എം.കുരുവിള വിലയിട്ടിരിക്കുന്നത്. വില നിശ്ചയിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് ബോസ് പറയണം.

വസ്തു ഞാൻ കൈവശപ്പെടുത്തിയിട്ടില്ല. ഇരുട്ടി-ഉളി സബ് രജിസ്ട്രാർ ഓഫീസിൽ 2005 നവംബർ 28-ന് 226 ആയി ഡഗ്ലസ് മെമ്മോറിയൽ ചിൽഡ്രൻസ് ഹോമിന്റെ രജിസ്ട്രേഷൻ സംബന്ധമായ നിലനില്പ്പിനും വേണ്ടി എന്റെ പേര് ചേർക്കുകമാത്രമേ ചെയ്തിട്ടുള്ളു. അത് ശാരോൻ ഓഫീസ് സെക്രട്ടറിയായിരുന്ന പാസ്റ്റർ എം.എ.വർഗീസിനും അറിവുള്ളതും അതിന്റെ സർട്ടിഫിക്കറ്റ് ഫെലോഷിപ്പിന്റെ ഓഡിറ്ററുടെ കൈവശം 2005-ൽ ഏല്പ്പിച്ചിട്ടുള്ളതുമാണ്.

35 വർഷത്തേക്ക് സ്കൂൾ നടത്തുന്നതിന് വേണ്ടി ലീസിന് നൽകിയതിനെക്കുറിച്ച്: ഇത് ശുദ്ധ വ്യാജമാണ്. എന്റെയോ കൗൺസിലിന്റെയോ അറിവോ സമ്മതമോ ഇല്ലാതെ ഇബ്രാഹിംകുട്ടി എന്ന ആൾ 2012 ഒക്ടോബർ 28-ന് തലശ്ശേരി സബ് രജിസ്ട്രാർ ഓഫീസിലെ ഫയൽ നമ്പർ 2015/2012 എന്ന് കാണിച്ചിരിക്കുന്ന രജിസ്ട്രേഷൻ വ്യാജമാണ് എന്ന് സമർത്ഥിക്കുന്നതിന് ഇബ്രാഹിംകുട്ടി തന്നെ ക്ഷമാപണം എഴുതിത്തന്ന രേഖ എന്റെ കൈവശമുണ്ട്. ആർക്കു വേണമെങ്കിലും പരിശോധിക്കാവുന്നതാണ്. സ്ഥലത്തു നിന്ന് നാഷണൽ ഹൈവേയ്ക്ക് അക്വയർ ചെയ്തതിന് ലഭിച്ച തുകയെക്കുറിച്ച്: നാഷണൽ ഹൈവേയ്ക്ക് വീതി കൂട്ടുന്നതിനായി ചിൽഡ്രൻസ് ഹോം വക 55 സെന്റ് സ്ഥലം ഏറ്റെടുത്തിട്ടില്ല. അളന്നു തിരിക്കുക മാത്രമേ ചെയ്തിട്ടുള്ളു. ഇതിനൊക്കെ ഗവൺമെന്റ് തലത്തിൽ നടപടികൾ നടന്നു കൊണ്ടിരിക്കുന്നതേയുള്ളു. ബുദ്ധിയുള്ളവർക്ക് അത് മനസ്സിലാക്കുവാൻ പ്രയാസമില്ല.

ഞാൻ ഫെലോഷിപ്പിന് വേണ്ടി ചെയ്തിട്ടുള്ള നല്ല കാര്യങ്ങൾ മുഴുവൻ മറന്ന് ദൈവജനത്തിന്റെ മുമ്പിൽ തെറ്റുകാരനാക്കുവാൻ ചില വ്യക്തികൾ നടത്തിയ ഗൂഢമായ നീക്കത്തിന്റെ ഭാഗമാണ് ബോസിന്റെ പ്രസ്താവന. 53 വർഷം ഈ പ്രസ്ഥാനത്തിലെ പ്രധാന പ്രവർത്തകരിലൊരാളായി നിന്ന എനിക്ക് 1989-ൽ റാന്നിയിലുണ്ടായിരുന്ന എന്റെ പിതൃസ്വത്ത് വിറ്റുവാങ്ങിയ 10 സെന്റ് സ്ഥലവും ഒരു വീടും മാത്രമേയുള്ളു. ശാരോൻ സഭയിലെ പല നേതാക്കന്മാർക്കും കോടിക്കണക്കിന് സ്വത്തും സ്വന്തമായ പ്രസ്ഥാനങ്ങൾ വേറെയും രജിസ്റ്റർ ചെയ്തിട്ടുണ്ട്. എനിക്കെതിരായ ആരോപണങ്ങൾ ശുശ്രൂഷയോടുള്ള വെല്ലുവിളിയായിട്ടേ കാണുന്നുള്ളു. ഈ ആരോപണങ്ങളെല്ലാം ഉന്നയിച്ചിട്ടും ഒരു തരത്തിലും പ്രതികരിക്കാത്തത് തോമാച്ചായനോടൊപ്പം ഞാനും കൂടെ വളർത്തിക്കൊണ്ടുവന്ന പ്രസ്ഥാനത്തിന്റെ ചുവട്ടിൽ കോടാലി വയ്ക്കണ്ടാ എന്നു കരുതി മാത്രമാണ്. ഏതു കോടതിയും തെളിഞ്ഞ കേസിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഒരാളെ കുറ്റക്കാരനെന്ന് വിധിക്കുകയും ശിക്ഷിക്കുകയും ചെയ്കയുള്ളു. എന്നാൽ ഇവിടെ എന്റെ പേരിൽ ചില ആരോപണങ്ങൾ ഉന്നയിച്ചു കൊണ്ട് ചില ക്രമീകരണങ്ങൾ വരുത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് തന്നെ എന്റെ പേരിൽ വിധിയും പ്രസ്താവിച്ചിരിക്കുന്നു. ഇതിന്റെ പേരാണ് മുൻവിധി. ഇത് ലോകകോടതിയിലും ദൈവിക കോടതിയിലും നിലനില്ക്കുന്നതല്ല എന്നെനിക്കുറപ്പുണ്ട്.

# സഭയെ വളർച്ചയിലേക്ക് നയിക്കും

*1-ാം പേജ് തുടർച്ച*

ഭാരതത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് പ്രസ്ഥാനമാണ് നമ്മുടേത്. ഈ പ്രസ്ഥാനത്തെ അടുത്ത മൂന്നു വർഷത്തേക്ക് വിവിധ മേഖലകളിൽ ദിശാബോധത്തോടെ ആത്മീകമായും ഭൗതികമായും വളർച്ചയിലേക്ക് നയിക്കുന്നതിന് ആവശ്യമായ തീരുമാനങ്ങൾ എടുക്കുക എന്നതാണ് ഈ കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യം. നാം തോളോടു തോൾ ചേർന്ന് നിന്ന് പ്രാർത്ഥനാപൂർവ്വം സഭയെ മുന്നോട്ടു നയിച്ചാൽ ശക്തമായ മുന്നേറ്റം എല്ലാ രംഗത്തും ഉണ്ടാക്കുവാൻ നമുക്ക് സാധിക്കും എന്നതിൽ രണ്ടു പക്ഷമില്ല. ദൈവം നമ്മെ അതിന് സഹായിക്കട്ടെ.

ഈ ജനറൽ കൗൺസിലിന്റെ ആലോചനയ്ക്കും തീരുമാനങ്ങൾക്കും വിധേയമായി നടപ്പിലാക്കേണ്ടുന്നതും അടിയന്തിര പ്രാധാന്യം അർഹിക്കുന്നതുമായ ചില വിഷയങ്ങളിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നു.

**ഉപവാസ പ്രാർത്ഥന:** സഭയുടെ ആത്മീയ നവോത്ഥാനവും ഉണർവ്വുമാണ് ഈ കൗൺസിലിന്റെ പ്രഥമ പരിഗണനാ വിഷയമാകേണ്ടതെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതിന് വേണ്ടി ഈ ഏപ്രിൽ മെയ് മാസങ്ങളിൽ നാൽപത് ദിവസം കുമ്പനാട് ഗ്രൗണ്ടിൽ കൊട്ടിൽ ഇട്ട് ഉപവാസത്തിലും പ്രാർത്ഥനയിലും ഇരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ പ്രാർത്ഥനയിൽ ഐ.പി.സി പ്രസ്ഥാനത്തെ മാത്രമല്ല; ഉപദേശ ഐക്യമുള്ള എല്ലാ പെന്തെക്കോസ്തു പ്രസ്ഥാനങ്ങളേയും ക്ഷണിച്ച് വലിയൊരു ആത്മീയ ഉണർവ്വിലേക്ക് ഭാരതത്തിലെ പെന്തെക്കോസ്ത് സമൂഹത്തെ നയിക്കുക എന്ന ദൗത്യം ഐ.പി.സി ഏറ്റെടുക്കണം. ഒപ്പം കുമ്പനാട്ട് നിരന്തര പ്രാർത്ഥനക്ക് വേണ്ടി ഒരു 24 മണിക്കൂർ പ്രയർ ടവ്വർ സ്ഥാപിക്കണം.

**ഐ.പി.സി ഇന്റർനാഷണൽ ബിൽഡിംഗ് നിർമ്മാണ പൂർത്തീകരണം:** അന്തർ ദേശീയ നിലവാരത്തിൽ ഐ.പി.സിയുടെ ഭരണസിരാകേന്ദ്രം നവീകരിക്കേണ്ടതുണ്ട്. വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച് പാതിവഴിയിലെത്തിനിൽക്കുന്ന ഐ.പി.സി ഇന്റർ നാഷണൽ ഹെഡ്ക്വാർട്ടേഴ്സ് നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നാം നടപടി സ്വീകരിക്കണം.

**കുമ്പനാട് കൺവൻഷൻ ഗ്രൗണ്ടിന്റെ വിപുലീകരണം:** ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ളതും ഏറ്റവും വലുതുമായ പെന്തെക്കോസ്ത് കൺവൻഷനാണ് കുമ്പനാട് കൺവൻഷൻ. കൺവൻഷന് എത്തിച്ചേരുന്ന ജനത്തെ ഉൾക്കൊള്ളാനോ, വാഹനങ്ങൾ പാർക്ക് ചെയ്യാനോ ഇപ്പോൾ നമുക്കുള്ള സ്ഥലപരിമിതിയാൽ സധിക്കുന്നില്ല. അടിയന്തിരമായി ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ നമുക്ക് സാധിക്കണം.

**സുവിശേഷീകരണം- സഭാസ്ഥാപനം:** ഭാരത സുവിശേഷീകരണത്തിന് വേണ്ടി ദൈവം എഴുന്നേൽപിച്ച പ്രസ്ഥാനമാണ് ഐ.പി.സി. ആ ദൗത്യം ക്രമീകൃതമായ നിർവ്വഹിക്കാനുള്ള പ്രവർത്തന പദ്ധതി ഉണ്ടാക്കും. ഒപ്പം അടുത്ത മൂന്നു വർഷത്തിനകം ലോക്കൽ സഭകളുടെ എണ്ണം ഏഴായിരത്തിൽ നിന്ന് പതിനായിരമാക്കി വർദ്ധിപ്പിക്കണം. വിവിധ കാലങ്ങളിൽ ഐ.പി.സി പ്രസ്ഥാനത്തിൽ നിന്ന് അകന്നുപോയവരെ തിരികെ കൊണ്ടുവരാൻ സാധ്യതകൾ ആരായണം. ഇന്ത്യയുടെ വിവിധ സ്റ്റേറ്റുകളിൽ ഐ.പി.സി പ്രവർത്തനം കുറവായ മേഖലകൾ കണ്ടെത്തി മിഷൻ സ്പോൺസേഴ്സിന്റെ സഹായത്തോടെ പ്രവർത്തനം വ്യാപിപ്പിക്കുവാനും ആഗ്രഹിക്കുന്നു.

**ചാരിറ്റി:** സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന കർതൃദാസന്മാർക്കും സഭാജനങ്ങൾക്കും ആശ്വാസമാകും വിധം നിരവധി സഹായപദ്ധതികൾ ആരംഭിക്കണം.

**സമൂഹ്യ സേവനം:** സഭ സമൂഹത്തിന്റെ ഭാഗമാണ്. ക്രിയാത്മകമായി നമ്മുടെ സമൂഹത്തിൽ ഇടപെടുന്നതിന് വേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക, സാമൂഹ്യ സേവന പദ്ധതികൾ നടപ്പിലാക്കുക എന്നിവയും സഭയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

**ഭരണഘടനാ പരിഷ്കരണം:** സഭയുടെ വളർച്ചക്ക് അനുസൃതമായി സഭാ ഭരണഘടനയ്ക്ക് ആവശ്യമായ കാലാനുസൃത പരിഷ്ക്കരണം വരുത്തേണ്ടത് അത്യാവശ്യമാണ്. സഭയുടെ തിരഞ്ഞെടുപ്പു രീതികൾ സംബന്ധിച്ചും അക്കൂട്ടത്തിൽ പുനർവിചിന്തനം നടത്തേണ്ടതുണ്ട്.

നാം ഏറ്റെടുക്കേണ്ടുന്നതും തീരുമാനിക്കേണ്ടുന്നതും നടപ്പിലാക്കേണ്ടുന്നതുമായ നിരവധി കാര്യങ്ങൾ ഇനിയുമുണ്ട്. ചില കാര്യങ്ങൾ മുൻഗണനാ ക്രമത്തിൽ ഞാൻ അക്കമിട്ടു പറഞ്ഞു എന്നേയുള്ളൂ.

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ സമഗ്ര പുരോഗതിക്കുവേണ്ടിയും, സർവ്വോപരി ദൈവനാമ മഹത്വത്തിനു വേണ്ടിയും നമുക്കൊരുമിച്ച് മുന്നേറുവാൻ മഹാകൃപാലുവായ ദൈവം ഇടവരുത്തട്ടെ എന്ന പ്രാർത്ഥനയോടും ഹൃദയം നിറഞ്ഞ നന്ദിയോടും കൂടെ ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു ദൈവം നമ്മെ സഹായിക്കട്ടെ.

# അഗപ്പെ മിഷൻ സെമിനാർ

കൊച്ചി: പ്രാദേശിക ദൈവസഭ ലോക ദൗത്യത്തിന്റെ കേന്ദ്രം എന്ന വിഷയം ആദാരമാക്കി അയോവയിലെ (അമേരിക്ക) ബിൽഡ് യൂണിവേഴ്സിറ്റി പ്രസിഡന്റ് ജെഫ് റീഡ് (പാസ്റ്റർ, ഓക് വുഡ് റോഡ് ചർച്ച്, എയ്മ്സ്), കേരളത്തിലെ സഭാ നേതാക്കന്മാർക്കും ബൈബിൾ കോളജ് അധികാരികൾക്കും വേണ്ടി ഏകദിന സെമിനാർ നടത്തുന്നു. ഏപ്രിൽ 6ന് കളമശേരി ഫെയ്ത്ത് സിറ്റി ചർച്ചിലാണ് സെമിനാർ. നേതൃത്വ പരിശീലനത്തിനും സഭാ ശക്തീകരണത്തിനും വേണ്ടി നില കൊള്ളുന്ന ഡൽഹിയിലെ അഗപ്പെ ഇൻസ്റ്റിറ്റ്യൂട്ട് (ഓപ്പറേഷൻ അഗപ്പെ) ആണ് സംഘാടകർ. പ്രാദേശിക സഭയിലൂടെ മിഷൻ പ്രവർത്തനങ്ങൾ നടത്തി വരുന്നവർക്കും പങ്കെടുക്കാം. ഡോ.അലക്സ് ഏബ്രഹാം (ഡയറക്ടർ), റവ.സാം സി സാമുവേൽ (ചെയർമാൻ), കമാൻഡർ തോമസ് മാത്യു തുടങ്ങിയവർ നേതൃത്വം നൽകുന്നു. രജിസ്ട്രേഷനും വിവരങ്ങൾക്കും.: 08566000776 (പാസ്റ്റർ ജോസഫ് കുര്യൻ).

## അഗപ്പെ ജനറൽ കൺവൻഷൻ സമാപിച്ചു

നിലമ്പൂർ: അഗപ്പെ ഗോസ്പൽ മിഷന്റെ 18 ാം ജനറൽ കൺവൻഷൻ ജനുവരി 23-27 വരെ നിലമ്പൂർ അഗപ്പെ ഹിൽസിൽ നടന്നു. മിഷൻ പ്രസിഡന്റ് സുവി.പി.എം.അലക്സാണ്ടർ ഉത്ഘാടനം ചെയ്തു. പാസ്റ്റന്മാരായ ജോയി പാറക്കൽ, കെ.ജെ. തോമസ് കുമളി, അനീഷ് കൊല്ലം തുടങ്ങിയവർ പ്രസംഗിച്ചു. സുവി.ജോസഫ് ഇടക്കാട്ടിൽ, പാസ്റ്റർ.ജെയിംസ് മാത്യൂ, പാസ്റ്റർ.ജോസ് എബ്രഹാം, പാസ്റ്റർ.സന്തോഷ് ചെറിയാൻ തുടങ്ങിയവർ അദ്ധ്യക്ഷം വഹിച്ചു. ഗോഡ്സ് വോയ്സ് കണ്ണൂർ ഗാനശുശ്രൂഷക്ക് നേതൃത്വം തൽകി. കേരളം കൂടാതെ തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള ദൈവദാസന്മാരും ദൈവമക്കളും പങ്കെടുത്തു.


## സി.ഇ.എം. ജനറൽ ബോഡിയും തെരഞ്ഞെടുപ്പും

തിരുവല്ല: സിഇഎം.ജനറൽ ബോഡിയും ഭാരവാഹികളുടെ തെരഞ്ഞെടുപ്പും മാർച്ച് 23, 11 മണിക്ക് തിരുവല്ല ശാരോൻ ഓഡിറ്റോറിയത്തിൽ നടക്കും. നിലവിലുള്ള എക്സിക്യൂട്ടിവ്-ജനറൽ കമ്മിറ്റി അംഗങ്ങൾക്ക് പുറമേ സോണൽ പ്രസിഡന്റ് സെക്രട്ടറി, സെക്ഷൻ പ്രസിഡന്റ് സെക്രട്ടറി ഒരു പ്രതിനിധി എന്നിവർ അന്നേ ദിവസം പങ്കെടുക്കേണ്ടതാണെന്ന് ഭാരവാഹികൾ അറിയിച്ചു.

## പാസ്റ്റേഴ്സ് കോൺഫ്രൻസും സൈക്കിൾ വിതരണവും

ബെറാംപൂർ-ഒറീസ: ഗ്രേസ് ഗോസ്പൽ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ ജനുവരി 25-ാം തിയതി പാസ്റ്റേഴ്സ് കോൺഫ്രൻസും സൗജന്യസൈക്കിൾ വിതരണവും നടന്നു. പാസ്റ്റർ. വർഗ്ഗീസ് ചെറിയാൻ ഉത്ഘാടനവും വിതരണവും നിർവഹിച്ചു. പാസ്റ്റർ. പ്രേമേനന്ദഗൗഡോ, നാബോത്ത് ചിബാനി, ലബേശ്വർ ദിഗൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് കരുമാൾ,ഗഞ്ച് ജില്ലകളിൽ നടന്ന കൺവൻഷനുകളിൽ പാസ്റ്റർ വിൽസൺ ഇടുക്കിള(സൗദി), പാസ്റ്റർ വർഗ്ഗീസ് ചെറിയാൻ(ഒറീസ) എന്നിവർ പ്രസംഗിച്ചു. സത്തുഗി, സിക്കർമഹാ എന്നീ സ്ഥലങ്ങളിൽ ആരാധനാലയത്തിന് തറക്കല്ലിട്ടു.

Pc.B.Sc. M.Sc. NURSING
FEW SEATS AVAILABLE
CALL @ 9947963438 9847170530
CAREER EDUCATION
WHERE EDUCATION HAS A NEW DIMENSION
AMPRAYIL BLDGS, YMCA JN.,T.K. ROAD
THIRUVALLA PH 0469-2620999, 2606002




# സ്വർഗ്ഗവും നരകവും



**വൈ. ഡാനിയേൽ**

*കഴിഞ്ഞലക്കം തുടർച്ച*

**ഇതെന്റെ തീരുമാനം**

ഈ രംഗം സ്വർഗ്ഗത്തിൽ ദർശിച്ച ശേഷം ഞാൻ ലോകത്തിലേക്ക് വന്ന ഉടനെ എന്റെ എല്ലാ സമ്പാദ്യങ്ങളെയും 5 ആഡംബര കാറുകളെയും ഉപേക്ഷിച്ചു. നമ്മുടെ ജീവിതം ചില നിമിഷങ്ങൾ മാത്രം. മനുഷ്യന്റെ ആയുസ് 70 അല്ലങ്കിൽ 80. ഓരോ മനുഷ്യനും എപ്പോൾ മരിക്കുമെന്ന് ദൈവം മാത്രം അറിയുന്നു.

എനിക്കുള്ളതെല്ലാം എന്റെ വസ്ത്രങ്ങൾ പോലും ഉപേക്ഷിച്ചു. കാരണം ലജ്ജാപൂർണ്ണരായി സ്വർഗ്ഗത്തിൽ വസിക്കുന്നവരെ ഞാൻ കണ്ടു. അവിടെ പാസ്റ്റർമാർ, ഡീക്കന്മാർ, വിശ്വാസികൾ എണ്ണിക്കൂടാതെവണ്ണം ഞാൻ ആ ശുചിത്വമില്ലാത്തയിടത്തു കണ്ടു. അവരുടെ വസ്ത്രങ്ങൾ വൃത്തിഹീനമായിരിക്കുന്നു. ഈ ലജ്ജാകരമായ സ്ഥാനത്തായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

മനോഹരമായ ഭവനം സ്വർഗ്ഗത്തിൽ ലഭിക്കുവാൻ ആവശ്യമായതെന്തെല്ലാം? കഴിവുള്ളിടത്തോളം സുവിശേഷഘോഷണം നടത്തുക.

ദൂതൻ: നിന്റെ അടുത്ത് ഒരു അവിശ്വാസി ഉണ്ടന്ന് ചിന്തിക്കുക. ആ മനുഷ്യനെ സുവിശേഷം അറിയിക്കുവാൻ നീ തീരുമാനിക്കുന്ന നിമിഷം മുതൽ നിന്റെ ഭവനത്തിലേക്ക് ആവശ്യമായ സാധനങ്ങൾ നീ നിക്ഷേപിക്കുവാൻ തുടങ്ങുന്നു.

അവരുടെ രക്ഷയ്ക്കായി മുട്ടിപ്പായി പ്രാർത്ഥിക്കുമ്പോൾ, കൂടുതൽ സാധനങ്ങൾ അവിടെ ലഭിക്കുന്നു. നീ അവരെ സന്ദർശിക്കുകയും അവരെ സുവിശേഷം അറിയിക്കുകയും ചെയ്യുമ്പോൾ വീണ്ടും ഭവനത്തിനാവശ്യമായ സാധനങ്ങൾ അവിടെ നിക്ഷേപിക്കപ്പെടുന്നു. സഭയിൽ വരുവാൻ കഴിയാത്തവർക്ക് വസ്ത്രം കൊടുത്താൽ, വേദപുസ്തകം ഇല്ലാത്തവർക്ക് വേദപുസ്തകം വാങ്ങിക്കൊടുത്താൽ, വായിക്കുവാൻ കണ്ണടയില്ലാത്തവർക്ക് നീ അത് നൽകിയാൽ അതെല്ലാം സ്വർഗ്ഗത്തിലെ ഭവനം പണിയ്ക്കുള്ള സാധനങ്ങളായിത്തീരും.

ഇവിടെ ഏറ്റവും നല്ല ഭവനങ്ങളുള്ളവരെല്ലാം അനേകരെ അനവധി സമയങ്ങളിൽ സുവിശേഷം അറിയിച്ചവരാണ്. ദൂതൻ എന്നെ നല്ല ഭവനങ്ങളുള്ള ഭാഗത്തേക്ക് കൂട്ടിക്കൊണ്ടുപോയി. സ്വർഗ്ഗത്തിന്റെ ഏറ്റവും നല്ല സ്ഥാനം Down Town.

അതിമനോഹര ഭവനങ്ങളുള്ള നാലു പേരുടെ ഭവനങ്ങൾ എന്നെ കാണിച്ചു. ഡി. എൽ. മൂഡി, ജോൺ വെസ്ലി, ഇറ്റലിക്കാരനായ ഒരു സുവിശേഷകൻ, കൊറിയൻ പാസ്റ്റർ ചോയ് ഗൺ നംഗ് ഇവർ ജീവിതകാലം മുഴുവൻ മരണം വരെ ആത്മാക്കളെ നേടിയവരാണ്.

കൊറിയായിലെ ഒരു സാധാരണ വിശ്വാസിക്കും ബൃഹത്തായ ഒരു ഭവനമുണ്ട്. ഇദ്ദേഹം തന്റെ വസ്തുക്കൾ വിറ്റ് അനേക ആലയങ്ങൾ പണിത ആളാണ്. ആയിരക്കണക്കിന് ചാക്ക് അരി സാധുക്കൾക്ക് കൊടുത്തു. അദ്ദേഹം രഹസ്യമായി അനേക പാസ്റ്റർമാരെ സഹായിച്ച ആളാണ്. അനേകരെ വിദ്യാഭ്യാസ വിഷയത്തിൽ സഹായിച്ചിട്ടുണ്ട്. സഭയിൽ നിന്നും പുറംതള്ളപ്പെട്ട 65കാരനായ ഒരു പാസ്റ്ററെ സംരക്ഷിച്ചവനാണ്. ഒരു ദൂതൻ ആർത്തുപറയുന്നത് കേട്ടു: ഭവനത്തിനാവശ്യമായ സാധനങ്ങൾ വരുന്നു. എന്റെ വലത്തുഭാഗത്തു നിന്ന ദൂതനോട് ആ സാധനങ്ങളെക്കുറിച്ച് അന്വേഷിച്ചു. സഭയിലെ ഒരു സഹോദരിയാണ് ഈ സാധനങ്ങൾ അയക്കുന്നത്. അവൾ സാധുവാണെങ്കിലും ആരാധനക്ക് കൃത്യമായി പോകുന്നവളാണ്. 87 സഭാ വിശ്വാസികൾക്ക് വേണ്ടി നിത്യവും പ്രാർത്ഥിക്കുന്നവളാണ്. പ്രാർത്ഥനക്ക് ശേഷം സഭാ മന്ദിരം ശുചിയാക്കുന്നു.

അപ്പോൾ മറ്റൊരു ദൂതൻ ആർത്തു:

ഈ സ്ത്രീയുടെ മകൾ അവൾക്കുള്ള തുച്ഛമായ സമ്പാദ്യം അമ്മയ്ക്ക് അയച്ചു കൊടുത്തു. ഈ പണം അവർ തനിക്കായി ചിലവഴിച്ചില്ല. ആ പണം കൊണ്ട് 5 കോഴിമുട്ടകളും പാസ്റ്റർക്ക് ഒരു ജോഡി സോക്സും വാങ്ങി. ഇത് ചെറിയ സംഭാവനയാണെങ്കിലും, അവളുടെ ഒരു ദിവസത്തെ മുഴുവൻ വരുമാനമായിരുന്നു. ഇതവളുടെ സ്വർഗ്ഗീയ ഭവനത്തിന്റെ സ്പെഷ്യൽ സാധനമായിരുന്നു. അനേകർ തങ്ങളുടെ സമ്പാദ്യങ്ങൾ വിറ്റു ദൈവാലയങ്ങൾ നിർമ്മിച്ചവരുടെ മനോഹര ഭവനങ്ങളെ ഞാൻ കണ്ടു.

ഞാൻ: എന്റെ ഭവനം എപ്രകാരമാണ്? അത് പണിതു കൊണ്ടിരിക്കയാണോ? അതെനിക്ക് കാണുവാൻ ആഗ്രഹമുണ്ട്.

ദൂതൻ: കാണിയ്ക്കുവാൻ അനുവാദമില്ല. വളരെ നിർബ്ബന്ധിച്ചപ്പോൾ കർത്താവ് അനുവദിച്ചു.

അവിടെ നിന്നും വളരെ വളരെ ദൂരെ ഒരു രഥത്തിൽ കയറി യാത്ര ചെയ്തു അവിടെയെത്തി. എന്റെ ഭവനം കാണുവാനുള്ള അത്യാർത്തി എനിക്കുണ്ടായിരുന്നു. ഞാനതു കണ്ടു. വീടിന്റെ അടിസ്ഥാനം, മേലോട്ടുള്ള പണിക്കായി ക്രമീകരിച്ചിരിക്കുന്നു.

ഞാൻ ഉച്ചത്തിൽ ചോദിച്ചു: ഇതെങ്ങനെ സംഭവിച്ചു. എന്റെ ഭവനം എങ്ങനെ മുകളിലോട്ടുള്ള പണിക്കു മാത്രം ശരിയായിരിക്കുന്നു? കൊറിയൻ യുദ്ധത്തിന് ശേഷം എന്റെ ഭവനം വിറ്റ് ഒരു സഭ പണിതു. ആ സഭ വളർന്നു 5000 അംഗങ്ങളുള്ള സഭയായി. ഞാൻ അനേക പുസ്തകങ്ങൾ രചിച്ചു. ഒന്ന് ബെസ്റ്റ് സെല്ലറായി. ക്രിസ്തീയ സ്കൂളുകൾ സ്ഥാപിച്ചു. അവിടെ നിന്നും 240 പാസ്റ്റർമാർ ശുശ്രൂഷകരായി. 400 സ്കളോർഷിപ്പുകൾ 400 സാധുക്കളായ കുട്ടികൾക്ക് നൽകി. വിധവകൾക്ക് താമസിക്കുവാൻ ഭവനങ്ങൾ നിർമ്മിച്ചു. ഇതിന് എത്രമാത്രം രൂപയാണ് ചിലവായത്. എന്നിട്ടും എനിക്ക് ഇതാണോ ലഭിക്കുന്നത്? എന്തുകൊണ്ട് എന്റെ ഭവനം പണിയപ്പെട്ട നിലയിൽ മാത്രം കാണുന്നത്. ഞാൻ നിരാശനാണ്.

ദൂതൻ: നീ മനോഹര ഭവനത്തിൽ വസിക്കുവാൻ അർഹനല്ല. കാരണം അനേക തവണ നീ ജനങ്ങളാൽ മാനിക്കപ്പെട്ടു. നീ എന്തെങ്കിലും പണിതാലും എന്തെങ്കിലും ചെയ്താലും ജനങ്ങൾ നിന്നെ ബഹുമാനിക്കുന്നു. സെക്യുലർ ന്യൂസ് പോലും നിന്നെ പുകഴ്ത്തുന്നു. അതുകൊണ്ട് നിന്റെ പ്രവർത്തികളെല്ലാം നിഷ്ഫലം.

മത്തായി 6:1 "മനുഷ്യർ കാണുവാൻ വേണ്ടി നിങ്ങളുടെ നീതിപ്രവർത്തികൾ അവരുടെ മുമ്പിൽ വച്ചു ചെയ്യാതിരിപ്പാൻ സൂക്ഷിക്കുവിൻ."

എന്റെ ഭവനത്തിന്റെ നിർമ്മാണത്തെ ഞാൻ നോക്കി. അതിന് 3 നിലകളുണ്ടായിരുന്നു. ആദ്യത്തെ 2 നിലകളിൽ അനേക ചെറിയ മുറികളുണ്ടായിരുന്നു.

ഞാൻ: എന്താ എനിക്കീ ചെറിയ മുറികൾ?

ദൂതൻ: ഇത് നിന്റെ ആൺമക്കൾക്കും പെൺമക്കൾക്കുമാണ്.

ഞാൻ: എനിക്ക് നാലു മക്കളുണ്ട്.

ദൂതൻ: നിന്റെ ഭൂമിയിലെ മക്കൾക്കുള്ളതല്ല. അത് നീ സുവിശേഷം അറിയിച്ചു രക്ഷിക്കപ്പെട്ടവർക്കുള്ളതാണ്. ഞാൻ (ദേഷ്യത്തോടെ) അത് വളരെ ചെറുതാണല്ലോ. എന്താണ് എന്റെ വീട് പൂർത്തിയാക്കുവാൻ ഇതുവരെ കഴിയാത്തത്?

ദൂതൻ: നീ ഇപ്പോഴും മരിച്ചിട്ടില്ല. അത് പൂർത്തിയാക്കുവാൻ ഇനിയും സാധനങ്ങൾ ആവശ്യമാണ്. മനസ്സിലായോ? ആ വീടിനുള്ളിൽ കയറിയപ്പോൾ ഞാൻ ചെറുപ്പത്തിൽ ചെയ്ത രണ്ടു നല്ല കാര്യങ്ങൾ രേഖപ്പെടുത്തിയ രണ്ട് സർട്ടിഫിക്കറ്റുകൾ കണ്ടു.

ദൂതൻ: നീ ദുഃഖിതനാണോ? നിനക്ക് എങ്ങനെ മനോഹരമായ ഭവനം പണിയാം എന്ന് പറഞ്ഞു തരാം.

കർത്താവു പറഞ്ഞു:"നീ ഭൂമിയിലേക്ക് പോകുമ്പോൾ നീ പോയി ആളുകളോട് സ്വർഗ്ഗത്തെപ്പറ്റിയും നരകത്തെപ്പറ്റിയും പറയുക. രണ്ടാമതായി വൃദ്ധരായ സ്ത്രീ പാസ്റ്റർമാർക്കും അഭയസ്ഥാനമില്ലാത്തവർക്കും ജീവിക്കുവാൻ ഒരു സൗകര്യം ഒരുക്കുക. നീ കൃത്യമായി ചെയ്യുമെങ്കിൽ നിന്റെ ഭവനം മനോഹരമായി പണിയപ്പെടും.

**നരകം**

രണ്ടു ദൂതന്മാർ എന്നോടൊത്ത് നരകത്തിലേക്ക് വന്നു.

ദൂതൻ: നിനക്കിപ്പോൾ നരകം സന്ദർശിക്കാം. ഇതിന്റെ വിസ്തൃതിയെപ്പറ്റി നിനക്കൊരു പിടിയുമില്ല.

ദൂതൻ: ഹോ! അതു വളരെ വലുതാണ്. ഇവിടെയാണ് ശപിക്കപ്പെട്ടവരും നിത്യാഗ്നിയിലേക്ക് തള്ളപ്പെട്ടവരും വന്നു കിടക്കുന്നത്. പകുതി ചുവന്ന നിറവും പകുതി കറുപ്പുമാണ്.

എന്താണ് ഈ ഭാഗം ചുവന്നിരിക്കുന്നത്?

ദൂതൻ: അതാണ് കത്തുന്ന ഗന്ധകം. പാപം ചെയ്ത് ഇവിടെ എത്തുന്നവർ ഈ രണ്ടു ഭാഗത്തു നിന്നും ആക്രമിക്കപ്പെടുന്നു. പള്ളികളിൽ പോയിരുന്നവരെങ്കിലും യഥാർത്ഥമായി രക്ഷിക്കപ്പെടാത്തവർ ഇവിടെ പാർക്കുന്നു. ഒരു ആത്മാവ് സ്വർഗ്ഗത്തിലെത്തുമ്പോൾ 1000 ആത്മാക്കൾ നരകത്തിലെത്തുന്നു.

മത്തായി 7:14 "ജീവനിലേക്ക് നയിക്കുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കമുള്ളതുമാണ്. വളരെ ചുരുക്കം പേർ മാത്രമേ അത് കണ്ടെത്തുന്നുള്ളു."

ഞാൻ അറിയപ്പെടുന്ന ഒരു പ്രസ്ബിറ്റേറിയൻ പാസ്റ്ററാണ്. ഞാൻ കൊറിയായിലെ തിയോളജിക്കൽ കോളജിൽ പഠിച്ചവനാണ്. ഞാൻ സ്വർഗ്ഗത്തെയും നരകത്തെയും വിശ്വസിച്ചിരുന്നില്ല. ഇപ്പോൾ ഞാൻ ആ യാഥാർത്ഥ്യങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നു. നിങ്ങൾ ക്രിസ്ത്യാനികളാണെങ്കിൽ, സാത്താന്റെ ഹിതത്തിൽ ജീവിച്ചാൽ, നിങ്ങൾ നരകത്തിലെത്തും. ഒന്നാമതായി: അവിടുത്തെ ചൂട് അതിഭയങ്കരം; അവർ മരണം പ്രതീക്ഷിക്കുന്നു. രണ്ടാമതായി അവർ നിലവിളിക്കുകയാണ്. എനിക്ക് ദാഹിക്കുന്നു; എനിക്ക് മരിക്കണം. (ലൂക്കോസ് 16:24). മൂന്നാമതായി എല്ലാവരും വെള്ളം ചോദിക്കുന്നു (സഖ.9:11). അത് നിത്യമായ യാതനാസ്ഥലം. ഇവിടെ മൂന്നു കൂട്ടരുണ്ട്.

1. അവർ സുവിശേഷം കേട്ടു എങ്കിലും, പാപത്തെക്കുറിച്ച് അനുതപിച്ച് യേശുവിനെ രക്ഷിതാവായി സ്വീകരിക്കാത്തവർ.

2. അവർ യേശുവിൽ വിശ്വസിച്ചു; എന്നാൽ പാപത്തെക്കുറിച്ച് അനുതപിച്ചില്ല.

3. യേശുവിനെ സ്വീകരിക്കാത്ത സകല ജാതി മതസ്ഥരും.

**ക്രിസ്ത്യാനികൾ നരകത്തിൽ**

ഞാൻ അനേകം പാസ്റ്റർമാരെയും ഡീക്കന്മാരെയും വിശ്വാസിക്കളെയും നരകത്തിൽ കണ്ടു. അതിന്റെ കാരണം എന്തെന്ന് ഞാൻ ദൂതനോട് ചോദിച്ചു.

ഇവരെ എനിക്ക് അറിയാം. ഭൂമിയിലായിരുന്നപ്പോൾ ദൈവത്തെ വിശ്വസ്തതയോടെ സേവിച്ചവരാണ് ഇവരെല്ലാം. എല്ലാവരും സ്വർഗ്ഗത്തിലുണ്ടായിരിക്കുമെന്ന് ഞാൻ കരുതി. എന്നാലിപ്പോൾ അവർ ഇതാ നരകത്തിൽ! എന്തുകൊണ്ടാണ് അവർ നരകത്തിൽ ദാഹിക്കുന്നു എന്ന് നിലവിളിക്കുന്നത്?

ദൂതൻ: പാസ്റ്റർ പാർക്ക് യോംഗ് ഗ്യൂ! ഒരു മനുഷ്യന് ഒരു നല്ല വിശ്വാസിയായി പുറമേ നടിക്കുവാൻ കഴിയും. എന്നാൽ ദൈവം ഹൃദയങ്ങളെ അറിയുന്നു.

ഇവർ ഞായറാഴ്ച വിശുദ്ധമായി ആചരിച്ചില്ല. എന്നുമാത്രമല്ല പണസമ്പാദനത്തിന് അവർ ഞായറാഴ്ചകളെ ഉപയോഗിച്ചു. (യിര.17:27). അവർ പൂർണ്ണമായി ദശാംശം കൊടുത്തിരുന്നില്ല (മലാഖി 3:9)

ചിലർ പാസ്റ്ററിന്റെ പ്രസംഗത്തെ വിമിർശിച്ചിരുന്നു (സങ്കീ.105:15)

തങ്ങളുടെ തെറ്റുകളെക്കുറിച്ച് അനുതപിച്ചില്ല; ദൂതൻ പറഞ്ഞു.

ദൈവജനത്തെ ഉപദ്രവിച്ച അനേകരെ അവിടെ ഞാൻ കണ്ടു. ഹിറ്റ്ലർ, സ്റ്റാലിൻ, മാവോതുസിംഗ്, നോർത്ത് കൊറിയായിലെ ഒരു പാസ്റ്റർ തുടങ്ങി അനേകർ അവിടെ യാതന അനുഭവിക്കുന്നു. എണ്ണിയാൽ തീരാത്ത അനേകരെ അവരുടെ ശരീരത്തിൽ പുഴുക്കൾ കാർന്നു തിന്നുന്നത് ഞാൻ കണ്ടു. നഗ്നരായ അവർ പുഴുക്കളെ ഓടിക്കുന്നതും പല്ലു കടിക്കുന്നതും ഞാൻ കണ്ടു (മത്തായി 5:22). മറ്റു ചിലർ ഭൂമിയിൽ അവർക്ക്, നല്ല ജോലി, ഭവനം, കുടുംബം ഉണ്ടായിരുന്നുവെങ്കിലും ദൈവിക കാര്യങ്ങൾക്ക് അവർ ചിലവിട്ടിട്ടില്ല.(സദൃ.28:27).

ഞാൻ ഭൂമിയിലെത്തി. എന്റെ സമ്പാദ്യങ്ങളെല്ലാം മറ്റുള്ളവർക്ക് നൽകി. രക്ഷ പണത്തിന് വാങ്ങാൻ ലഭിക്കുന്നതല്ല.അത്യേശുവിലുള്ള വിശ്വാസത്താൽ നേടുവാനുള്ളതാണ്.

പ്രിയരെ, ഒരു ദിവസം നാം മരിക്കും. എപ്പോൾ മരിക്കുമെന്ന് നമുക്ക് അറിഞ്ഞു കൂടാ. എപ്പോഴും സ്വർഗ്ഗത്തിലേക്ക് പോകാൻ ഒരുക്കമുള്ളവരായിരിക്കുക. പാപത്തെക്കുറിച്ച് അനുതപിച്ച് യേശുവിന്റെ രക്തത്താൽ കഴുകൽ പ്രാപിച്ച്, കർത്താവിനെ രക്ഷകനായി സ്വീകരിച്ച്, കർത്താവിന്റെ കല്പനകൾ അനുസരിച്ച് വിശുദ്ധിയോടെ, പ്രാർത്ഥനയിലും, ആത്മാവിലും സത്യത്തിലും ആരാധിച്ചും കഴിവതും സുവിശേഷഘോഷണത്തിൽ പങ്കെടുത്തും നിത്യസ്വർഗ്ഗം ലക്ഷ്യം വച്ച് ജീവിക്കുക. ഞായറാഴ്ച വിശുദ്ധമായി സൂക്ഷിച്ചും കൃത്യമായി ദശാംശം കൊടുത്തും സ്വർഗ്ഗത്തിൽ നിക്ഷേപിക്കുക.

പാസ്റ്റർ പാർക് യോംഗ് ഗ്യൂ.

**ഈ രംഗം സ്വർഗ്ഗത്തിൽ ദർശിച്ച ശേഷം ഞാൻ ലോകത്തിലേക്ക് വന്ന ഉടനെ എന്റെ എല്ലാ സമ്പാദ്യങ്ങളെയും 5 ആഡംബര കാറുകളെയും ഉപേക്ഷിച്ചു. നമ്മുടെ ജീവിതം ചില നിമിഷങ്ങൾ മാത്രം. മനുഷ്യന്റെ ആയുസ് 70 അല്ലങ്കിൽ 80. ഓരോ മനുഷ്യനും എപ്പോൾ മരിക്കുമെന്ന് ദൈവം മാത്രം അറിയുന്നു.**

**ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി**
(പോലീസ് കാർട്ടേഴ്സിന് പിൻവശം)
പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം, പ്രാർത്ഥന, വിടുതൽ
ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ
എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ

**പാസ്റ്റർ റോയി പൂവക്കാല**
ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി
Ph: 9447401039 0469-2692939

## പാസ്റ്റേഴ്സ് കോൺഫ്രൻസ്

വേങ്ങൂർ: ട്രൂ ലൈറ്റ് ഫോർ ഏഷ്യാ സഭകളുടെയും ബിബ്ലിക്കൽ സെമിനാരിയുടെയും ആഭിമുഖ്യത്തിൽ പാസ്റ്റേഴ്സ് കോൺഫ്രൻസ് വേങ്ങൂർ TLFA സെന്ററിൽ 2013 മാർച്ചു മാസം 25,26,27 തീയതികളിൽ നടക്കും. 25 തിങ്കൾ ഉച്ചക്ക് ഒരു മണിക്കാരംഭിക്കുന്ന കോൺഫ്രൻസ് 27 ബുധൻ രണ്ടു മണിയോടെ സമാപിക്കും.

ഈ കോൺഫ്രൻസിൽ TLFA പ്രസിഡന്റ് റവ.ഡോ.സാമുവേൽ കുഞ്ഞുമോനും മറ്റു ദൈവദാസന്മാരും "യേശുവിനേപ്പോലെ എങ്ങനെ കർത്താവിന് സേവനം ചെയ്യണം" എന്ന വിഷയം ആസ്പദമാക്കി ക്ലാസുകൾ എടുക്കും.



ആദ്യം ബന്ധപ്പെടുന്ന 200 പേർക്ക് പങ്കു ചേരുവാൻ അവസരം, താമസസൗകര്യം, ഭക്ഷണം, ബൈബിൾ, മറ്റു സമ്മാനങ്ങൾ ഇവ ക്രമീകരിക്കുന്നതാണ്. രജിസ്ട്രേഷനായി താഴെക്കാണുന്ന ഫോൺ നമ്പരുകളിൽ ഉടൻ ബന്ധപ്പെടുക.

റവ.ഡോ.സാമുവേൽ കുഞ്ഞുമോൻ

**True Light For Asia, Vengoor P.O., Ayoor (Via)
Kollam Dist., Kerala, India-691 533
Phone: 0474-2492353, 9496364114, 8547442321, 9400495902 email: truelightforasia@yahoo.com**



## അമേരിക്കൻ താൾ

# ആടുകൾക്ക് വിളഞ്ഞ വയലിലേക്ക് വഴി കാണിക്കുന്ന ഇടയൻ



**ഡോ.വി.എ.വർഗീസ്**

**കൽക്കട്ട ബൈബിൾ കോളജിൽ നിന്ന് ബി.റ്റി.എച്ച്., ഇവാഞ്ചലിക്കൽ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് എം.ടി.എച്ച്, ബാംഗ്ലൂർ സയാക്സിൽ നിന്ന് ഡോക്ടർ ഓഫ് മിഷിയോളജി, സി.ഒ.ടി.ആർ.വിശാഖപട്ടണം, കൽക്കട്ട ബൈബിൾ കോളജ്, ഗോസ്പൽ ഫോർ ഏഷ്യാ ബിബ്ലിക്കൽ സെമിനാരി എന്നിവിടങ്ങളിൽ അദ്ധ്യാപകൻ, കോട്ടയം ഫിലദൽഫ്യാ, ഹ്യൂസ്റ്റൺ ഹെബ്രോൻ എന്നീ ഐ.പി.സി.സഭകളിൽ ശുശ്രൂഷകൻ. ഇപ്പോൾ ന്യൂജേഴ്സി ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയുടെ ശുശ്രൂഷകൻ.**

> അമേരിക്കയിലെ സഭകൾ തീരുമാനിച്ചാൽ ഇന്ത്യയിലെ മുഴുവൻ സ്റ്റേറ്റുകളിലും ആയിരക്കണക്കിന് മിഷൻ സ്റ്റേഷനുകൾ ആരംഭിക്കാം. വലിയ ഒരു സഭക്ക് കുറഞ്ഞത് 100 മിഷൻ സ്റ്റേഷനെയെങ്കിലും സഹായിക്കാം. പോട്ടെ എത്ര ചെറിയ സഭയായാലും നമുക്ക് നിഷ്പ്രയാസം സാധിക്കും. അതിനുള്ള ദർശനം നമുക്കുണ്ടാകേണം.

ഉത്തരേന്ത്യയുടെ സുവിശേഷീകരണം ദൈവം ഭരമേല്പിച്ചിരിക്കുന്നത് മലയാളി വിശ്വാസികളെയാണ്. കേരളത്തിലെ ഒരു ലോക്കൽ സഭ വിചാരിച്ചാൽ 50 മിഷൻ ഫീൽഡുകളെ സപ്പോർട്ട് ചെയ്യാൻ സാധിക്കും. ഇത്തരമൊരു 250 സഭയെങ്കിലും കേരളത്തിലുണ്ട്. കുറഞ്ഞപക്ഷം 10 വേലസ്ഥലങ്ങളെ സപ്പോർട്ടുചെയ്യാൻ കഴിവുള്ള ആയിരം ലോക്കൽ സഭകളെങ്കിലും നമുക്കുണ്ട്. ഏറ്റവും കുറഞ്ഞത് ഒരു ലോക്കൽ സഭക്ക് ഒരു മിഷൻ സ്റ്റേഷനെയെങ്കിലും സപ്പോർട്ടുചെയ്യാം.

പാസ്റ്റർ വി.എ വർഗീസ് ഇത് പറയുമ്പോൾ സ്റ്റേജിൽ കയറി സ്ട്രാറ്റജിയും സ്റ്റാറ്റിസ്റ്റിക്സും പറഞ്ഞ് പണം പിരിക്കാൻ ശ്രമിക്കുന്ന മിഷൻ മുതലാളിയുടെ വാചകമടിയാണെന്ന് തെറ്റിദ്ധരിക്കരുത്. ഇത് ഒരു സാധാരണ സഭാശുശ്രൂഷകന്റെ സ്വപ്നമാണ്. ഒരു മിഷനറി മനസുള്ള പാസ്റ്ററുടെ നിറമുള്ള സ്വപ്നം. പാസ്റ്റർ വി.എ വർഗീസ് വെറുതെ സ്വപ്നം കാണുക മാത്രമല്ല ചെയ്തത്. കേരളത്തിൽ താൻ മൂന്നു വർഷം ശുശ്രൂഷ ചെയ്ത കോട്ടയം കഞ്ഞിക്കുഴി ഫിലദൽഫിയ ലോക്കൽ സഭ ഇന്ന് ഉത്തരേന്ത്യയിൽ പ്രതിമാസം രണ്ടുലക്ഷത്തോളം രൂപ 100-ലധികം മിഷനറിമാരുടെ പ്രതിമാസ സപ്പോർട്ടായി നൽകുന്നു.

അഞ്ച് വർഷം താൻ സഭാശുശ്രൂഷ ചെയ്ത ഐ.പി.സി ഹെബ്രോൻ ഹൂസ്റ്റൺ സഭ ഇന്ന് വടക്കൻ കേരളത്തിലും ഇത്തരേന്ത്യയിലുമായി 120 മിഷൻ സ്റ്റേഷനുകളെയാണ് സാമ്പത്തികമായി സഹായിക്കുന്നത്. മിഷൻ സ്വപ്നങ്ങൾക്ക് ജീവൻ വെപ്പിക്കുന്ന ഈ ദൈവദാസൻ ഹാലേലൂയ്യായോട് സംസാരിക്കുന്നു.

*? എന്താണ് താങ്കൾക്ക് ബീഹാർ മിഷനോട് ഇത്ര പ്രത്യേകത?*

ഇന്ത്യയിലെ മിഷനറിമാരുടെ ശവപ്പറമ്പ് എന്നാണ് ബീഹാർ അറിയപ്പെട്ടിരുന്നത്. ഉത്തരേന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും സുവിശേഷത്തിനായി ദാഹിക്കുന്നവയാണ്. എന്നാൽ ബീഹാർ ഇന്ന് കൊയ്ത്തിന് പാകമായ വയലാണ്. 1980-ലാണ് ഓപ്പറേഷൻ മൊബിലൈസേഷന്റെ മിഷനറിയായി ഞാൻ ബീഹാറിലെത്തുന്നത്. വെസ്റ്റ് ചമ്പാരൻ ഡിസ്ട്രിക്റ്റിലെ നർക്കട്ടിഗ ഗഞ്ച് എന്ന വില്ലേജിൽ താമസിച്ച് സഭാപ്രവർത്തനത്തിന് തുടക്കം കുറിക്കുവാൻ അന്നെനിക്കു സാധിച്ചു. അന്നുമുതൽ ബീഹാർ എന്റെയൊരു പ്രാർത്ഥനാ വിഷയവും ദർശനവുമായിരുന്നു.

കൽക്കട്ടയിൽ ബൈബിൾ കോളജിൽ പഠിക്കുന്ന കാലത്തും പിന്നീട് ഡോക്ടറൽ സ്റ്റഡിക്ക് ശേഷം കെറി സെന്റർ ഫോർ പോസ്റ്റ് ഗ്രാജുവേറ്റ്സ് സ്റ്റഡി എന്ന സ്ഥാപനത്തിന്റെ ഭാഗമായും ബംഗാൾ, ബീഹാർ, ഒറീസ, അസം എന്നീ സ്റ്റേറ്റുകളിലെല്ലാം സുവിശേഷവുമായി യാത്ര ചെയ്യുവാൻ ഇടയായി. കൂടാതെ കെറി സെന്ററിന്റെ സാറ്റലൈറ്റ് പ്രോഗ്രാമുകൾക്കായി നോർത്തീസ്റ്റ് സ്റ്റേറ്റുകളിലും തുടർച്ചയായി യാത്ര ചെയ്യുമായിരുന്നു. ഇവയിൽ എന്നെ ഏറ്റവുമധികം ചലഞ്ചു ചെയ്ത സ്റ്റേറ്റ് ബീഹാറായിരുന്നു. പിൽക്കാലത്ത് ഇന്ത്യാ മിഷനുമായി ബന്ധപ്പെട്ട് ബീഹാറിൽ ക്രമീകൃതമായി പ്രവർത്തിക്കുവാൻ അവസരം ഉണ്ടാവുകയായിരുന്നു.

*? എന്താണ് ഇന്ത്യാ മിഷന്റെ പ്രവർത്തനങ്ങൾ? ആരാണതിന് നേതൃത്വം കൊടുക്കുന്നത്?*

ബീഹാറിൽ സഭകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പ്രവർത്തനമാണ് ഇന്ത്യാ മിഷൻ. 2003 മുതൽ ഡോ.എബി മാത്യു അവിടെ പ്രവർത്തിക്കുന്നുണ്ട്. ഡോ. മാത്യു കോശി, ഡോ.കെ.ടി ജോസഫ്, പാസ്റ്റർ കെ.സി.ജോൺ എന്നിവരാണ് ആ പ്രവർത്തനത്തിന്റെ മുൻനിരയിലുള്ളത്. പത്തു വർഷം കൊണ്ട് ആയിരം സഭകൾ എന്ന ലക്ഷ്യത്തോടെയാണ് ഞങ്ങൾ പ്രവർത്തനം ആരംഭിച്ചത്. ഞാനും അതിൽ പങ്കാളിയായി. എന്നാൽ പത്ത് വർഷം തികയുന്നതിന് മുമ്പേ 1863 പ്രവർത്തനങ്ങളായി ഇത് വളർന്നു കഴിഞ്ഞു. ഇപ്പോൾ പതിനായിരം പ്രവർത്തന സ്ഥലം എന്ന ലക്ഷ്യത്തോടെയാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്.

*? ലോക്കൽ സഭകളെ ഉപയോഗപ്പെടുത്തി നോർത്ത് ഇന്ത്യൻ മിഷൻ എന്ന താങ്കളുടെ സ്ട്രാറ്റജി എത്രത്തോളം പ്രായോഗികമാണ്?*

തികച്ചും പ്രായോഗികമാണ് എന്നതിന് തെളിവാണ് ഞാൻ ശുശ്രൂഷിച്ച സഭകൾ. കോട്ടയം കഞ്ഞിക്കുഴി ഫിലദൽഫിയ സഭയിൽ ഞാൻ ശുശ്രൂഷിച്ചു. ആ സഭക്ക് ശരിയായ ഒരു മിഷനറി ദർശനം നൽകുവാൻ ദൈവം അവസരം നൽകി. ഇന്ന് ബീഹാറിൽ ഉൾപ്പെടെ ഉത്തരേന്ത്യയിൽ നൂറിലധികം പ്രവർത്തനങ്ങളെ ആ സഭ സപ്പോർട്ടു ചെയ്യുന്നു.

ഹൂസ്റ്റൺ ഐ.പി.സി ഹെബ്രോൻ സഭയുടെ ശുശ്രൂഷകനായി ഞാൻ ചുമതലയേറ്റ് ചില നാളുകൾക്കകം ഒരു കുടുംബം ഒരു മിഷൻ സ്റ്റേഷനെ സപ്പോർട്ടു ചെയ്യണം എന്ന ആഹ്വാനം നൽകി. ഒറ്റയടിക്ക് 80 മിഷൻ സ്റ്റേഷനുകൾക്കാണ് സ്പോൺസർമാർ മുന്നോട്ടു വന്നത്. ഇന്ന് സഭക്ക് ഏകദേശം 120 സ്റ്റേഷനുകളെ സപ്പോർട്ടു ചെയ്യുവാൻ സാധിക്കുന്നുണ്ട്.

ഒരിക്കൽ ഗൾഫിൽ ഷാർജയിലെ ഐ.പി.സി.സഭയിൽ ഈ ആശയം ഞാൻ കൺവൻഷനിൽ പ്രസംഗിച്ചു. അവരിന്ന് 100-ലധികം മിഷൻ സ്റ്റേഷനുകളെയാണ് സഹായിക്കുന്നത്.

അതു പോലെ തന്നെ ദോഹയിലെ എ.ജി.സഭയിൽ ഈ സന്ദേശം ഞാൻ പ്രസംഗിച്ചു. ആ സഭയും നിരവധി മിഷനറിമാരെ സഹായിക്കുന്നു.

അമേരിക്കയിലെ സഭകൾ തീരുമാനിച്ചാൽ ഇന്ത്യയിലെ മുഴുവൻ സ്റ്റേറ്റുകളിലും ആയിരക്കണക്കിന് മിഷൻ സ്റ്റേഷനുകൾ ആരംഭിക്കാം. വലിയ ഒരു സഭക്ക് കുറഞ്ഞത് 100 മിഷൻ സ്റ്റേഷനെയെങ്കിലും സഹായിക്കാം. പോട്ടെ എത്ര ചെറിയ സഭയായാലും നമുക്ക് നിഷ്പ്രയാസം സാധിക്കും. അതിനുള്ള ദർശനം നമുക്കുണ്ടാകേണം.

*? താങ്കൾ ശുശ്രൂഷിച്ച തിരുവനന്തപുരം താബോർ സഭ ഈ രംഗത്ത് പരാജയമായോ?*

താബോർ സഭ ശക്തമായ ഒരു മിഷനറി സഭയാണ്. ഞാനവിടെ ശുശ്രൂഷിച്ച കാലത്ത് സഭയുടെ സമീപ പ്രദേശങ്ങളായ കഴക്കൂട്ടം, വട്ടപ്പാറ, ഇല്ലിപ്പോട് തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തനമാരംഭിച്ച് സഭകൾ സ്ഥാപിച്ചു. മാത്രവുമല്ല ഇക്കാലത്താണ് താബോർ ലോക്കൽ സഭ ഒരു ബൈബിൾ കോളജ് ആരംഭിച്ചത്. ഇന്നും അത് ഭംഗിയായി നടന്നുവരുന്നു. ഉത്തരേന്ത്യൻ ദർശനമല്ല ആ സഭയുടേത് എന്നേയുള്ളു.

*? മൂന്ന് വർഗീസുമാർ ചേർന്ന് വേദശാസ്ത്രം പഠന സ്ഥാപനം നടത്തിയതായി കേട്ടിട്ടുണ്ട്?*

ശരിയാണ്. ഏ.ജിയിലെ ഡോ. ടി.പി.വർഗീസ്, ശാരോനിലെ ഡോ.ബി.വർഗീസ്, പിന്നെ ഡോ.വി.എ. വർഗീസ് എന്ന ഞാനും ചേർന്ന് ആരംഭിച്ച റിസർച്ച് സെന്റർ ഫോർ തിയോളജിക്കൽ സ്റ്റഡീസ് ഇന്നും പ്രവർത്തനക്ഷമമാണ്. എന്നാൽ ഡോ. ടി.പി.പുനലൂരിലും, ഡോ.ബി.വർഗീസ് മണക്കാലയിലും പ്രിൻസിപ്പാൾമാരായി. ഞാൻ ഹൂസ്റ്റണിലേക്കും പോന്നതോടെ പ്രസ്ഥാനം അൽപ്പം മന്ദഗതിയിലാണെന്നത് സത്യമാണ്. ഗൾഫിലും മറ്റും ധാരാളം പേർക്ക് ക്രമീകൃത വേദശാസ്ത്ര പഠനം നൽകുവാൻ ഈ സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്.

*? എന്താണ് താങ്കളുടെ ലക്ഷ്യം?*

എനിക്ക് കർത്താവ് പറഞ്ഞതിനപ്പുറം ലക്ഷ്യമൊന്നുമില്ല. മിഷനറി പ്രവർത്തനം സഭയുടെ ദൗത്യമാണ്. അത് നാം ചെയ്തേ മതിയാകൂ. എന്നാലാവും വിധം മിഷനറി പ്രവർത്തനത്തിൽ ഏർപ്പെടുന്നവരെ പുറകിൽ നിന്ന് സഹായിക്കുക എന്ന ഏക ലക്ഷ്യമേ എനിക്കുള്ളു. നാളെ ബീഹാറിലെ നേതാവാകുവാനോ, അധികാരക്കസേരയിൽ കയറി ഇരിക്കാനോ എനിക്ക് താല്പര്യമില്ല.

*? അമേരിക്കയിലെ ഒരു മലയാളി സഭ ഒരേ സമയം ഇംഗ്ലീഷ് ആരാധന കൂടെ ആരംഭിച്ചത് ഹൂസ്റ്റൺ ഹെബ്രോൻ സഭയാണല്ലോ. എന്തു തോന്നുന്നു ഈ പുതിയ പരീക്ഷണം വിജയമാണോ?*

അമേരിക്കൻ മലയാളി പെന്തെക്കോസ്ത് സമൂഹത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സ്റ്റെപ്പാണിത്. എന്റെ അഭിപ്രായത്തിൽ എല്ലാ വലിയ സഭകളും എത്രയും വേഗം ഇത്തരമൊരു മാറ്റം കൊണ്ടുവരേണ്ടതാണ്. കാരണം പുതിയ തലമുറ നമ്മുടെ സഭയുടെ ഭാഗമാണ്. അവർ വെള്ളക്കാരുടെയോ കറമ്പരുടേയോ സഭയിലല്ല ആരാധിക്കേണ്ടത്. അവർക്ക് ആരാധനക്ക് നാം അവസരം ഒരുക്കണം. എങ്കിലേ പുതിയ തലമുറ സഭയിൽ നിൽക്കൂ. ഈ യാഥാർത്ഥ്യം കണ്ടില്ലെന്നു നടിച്ചിട്ടു കാര്യമില്ല.

ഭാഷ ഇംഗ്ലീഷിലാണോ മലയാളമാണോ എന്നതല്ല വിഷയം. നമ്മുടെ പാരമ്പര്യം നാം നിലനിർത്തണം. പിതാക്കന്മാർ കാണിച്ചു തന്ന വിശ്വാസപാതയിൽ പുതുതലമുറയെ നയിക്കണം. പ്രധാനമായും ഇംഗ്ലീഷ് ആരാധനയിലും വചനത്തിനും, പരിശുദ്ധാത്മ പ്രവർത്തിക്കും, മിഷനറി ദർശനത്തിനും പ്രാധാന്യം നൽകുക. യുവജനങ്ങൾ സഭയുടെ ഭാഗമായി സഭയെ സ്നേഹിച്ച് നിലനിൽക്കും. അത് നമുക്കൊരു അനുഗ്രഹമായിരിക്കും.

സുവിശേഷീകരണം എന്ന ആത്യന്തിക ലക്ഷ്യത്തിന് സഭകളെ ഒരുക്കിയെടുക്കുക എന്നതാണ് ഡോ.വി.എ. വർഗീസിന്റെ പ്രഥമലക്ഷ്യം. സഭക്ക് മിഷൻ ദർശനം പകർന്നു നൽകിയാൽ മറ്റെല്ലാ പ്രശ്നങ്ങളും അപ്രസക്തമാകും. ദർശനമുള്ള ശുശ്രൂഷകന്മാർക്കു മാത്രമേ സഭയെ ആത്മഭാരമുള്ള മിഷനറി സഭയായി വളർത്തിയെടുക്കുവാൻ സാധിക്കുകയുള്ളു. ഡോ.വി.എ.വർഗീസ് തുറന്നു പറയുന്നു.

ഡോ.വർഗീസ് ഹ്യൂസ്റ്റൺ ഹെബ്രോൻ സഭയുടെ ശുശ്രൂഷകനായിരിക്കുമ്പോഴാണ് ഹാലേലൂയ്യാ ഈ അഭിമുഖം തയ്യാറാക്കിയത്. അതിന് ശേഷം അദ്ദേഹം ന്യൂ ജേഴ്സിയിലെ ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയുടെ ശുശ്രൂഷ ഏറ്റെടുത്തു. ചില മാസങ്ങൾക്കകം ആ സഭ 65 മിഷനറിമാരെ സഹായിച്ചു തുടങ്ങി എന്നു കേൾക്കുമ്പോൾ സഭാ ശുശ്രൂഷകൻ എന്ന നിലയിൽ ഡോ.വി.എ. വർഗീസ് തന്റെ സഭയെ ഏതു ദിശയിലേക്ക് നയിക്കുന്നു എന്ന് വ്യക്തമാണ്.

ഭാര്യ മേഴ്സി മക്കൾ: തിമോത്തി, ഗ്രേസ്, റൈറ്റസ്, ക്രിസ്റ്റാ



*പാസ്റ്റർ വി.എ.വർഗീസ്സും കുടുംബവും*

## കേരള പെന്തെക്കോസ്ത റൈറ്റേഴ്സ് ഫോറം അവാർഡിന് രചനകൾ ക്ഷണിക്കുന്നു

അമേരിക്കയിലും കാനഡയിലുമുള്ള പെന്തെക്കോസ്ത് എഴുത്തുകാരുടെയും മാധ്യമപ്രവർത്തകരുടെയും ഐക്യവേദിയായ കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഈ വർഷത്തേക്കുള്ള അവാർഡിന് രചനകൾ ക്ഷണിക്കുന്നു. ലേഖനം, കവിത, പുസ്തകം, ഗാനരചന, ചെറുകഥ, ഭാവന, ന്യൂസ് ഫീച്ചർ എന്നീ മേഖലകളിൽ മലയാളത്തിലും ഇംഗ്ലീഷിലും വിഭാഗങ്ങളിൽ താലന്തുകൾ തെളിയിച്ചവർക്കാണ് ഈ വർഷം അവാർഡുകൾ നൽകുന്നത്.

2012-ൽ എഴുതി പ്രസിദ്ധീകരിച്ച കൃതികളാണ് അവാർഡിനായി പരിഗണിക്കുന്നത്. പുസ്തകങ്ങളും സി.ഡികളും അയക്കുന്നവർ 3 കോപ്പികൾ അയച്ചിരിക്കണം. നിലവിലുള്ള എക്സിക്യൂട്ടീവ് ഭാരവാഹികൾ നിശ്ചയിക്കുന്ന ഒരു പാനലായിരിക്കും അവാർഡുജേതാക്കളെ തിരഞ്ഞെടുക്കുന്നത്. ഭാരവാഹികളുടെയും ജഡ്ജസിന്റെയും തീരുമാനം അന്തിമമായിരിക്കും. പുസ്തകങ്ങളും സാഹിത്യരചനകളും അയക്കുന്നവർ തങ്ങളുടെ പൂർണ്ണവിവരങ്ങൾ, മെമ്പർഷിപ്പ് ഫോം, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ താഴെക്കാണുന്ന അഡ്രസിൽ മാർച്ച് 31-നകം ലഭിക്കത്തക്കവണ്ണം അയക്കേണ്ടതാണ്. 2013 ജൂലൈ മാസത്തിൽ കണക്ടിക്കട്ടിൽ നടക്കുന്ന മലയാളി പെന്തെക്കോസ്ത് കോൺഫ്രൻസിൽ വിജയികൾക്ക് അവാർഡുകൾ നൽകും. കൂടുതൽ വിവരങ്ങൾക്കും മെമ്പർഷിപ്പ് ഫോമിനും www.kpwf.org, www.pcnak.org എന്ന വെബ്സൈറ്റുകൾ സന്ദർശിക്കുകയോ kpwfusa@yahoo.com എന്ന ഇമെയിലിൽ ബന്ധപ്പെടുകയോ ചെയ്യുക.

വിലാസം:

KPWF NA, P.O.BOX 7, LEWISHVILLE,TX-75067

# ഐ.പി.സി.തിയോളജിക്കൽ സെമിനാരി കോട്ടയം പത്താമത് ഗ്രാഡുവേഷൻ സർവീസ്

കോട്ടയം: ഐ.പി.സി.തിയോളജിക്കൽ സെമിനാരിയുടെ പത്താമത് ഗ്രാഡുവേഷൻ സർവീസ് ഫെബ്രുവരി 15-ന് നടന്നു. വേൾഡ് വിഷൻ നാഷണൽ ഡയറക്ടർ റവ.ജയകുമാർ ക്രിസ്ത്യൻ മുഖ്യസന്ദേശം നൽകി. വിവിധ കോഴ്സുകളിൽ ഈ വർഷം ഗ്രാഡുവേറ്റു ചെയ്ത 52 വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പാൾ റവ.എബി പീറ്റർ സർട്ടിഫിക്കേറ്റുകൾ നൽകി. സെമിനാരി അഭ്യസനത്തോടനുബന്ധിച്ചുള്ള വിവിധ മേഖലകളിൽ ഉന്നത നിലവാരം പുലർത്തിയ വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ അവാർഡുകൾ ഐ.പി.സി.ഇ.ഡബ്ല്യു. എസ് ഓണററി വൈസ് പ്രസിഡന്റ് വർക്കി ഏബ്രഹാം കാച്ചാണത്ത്, സെക്രട്ടറി സജി പോൾ, വൈസ് പ്രസിഡന്റ് പാസ്റ്റർ ഇ.എ.മോസസ്, വത്സ കുരുവിള, മേരി ജേക്കബ് എന്നിവർ നൽകി. അക്കാഡമിക് അവാർഡുകൾ ജോർജ്ജ് മത്തായി സിപിഎ (വൈസ് പ്രസിഡന്റ്, ഐ.പി.സി.ഇഡബ്ല്യു എസ് എൻ എ), ജേക്കബ് റ്റി.ഏബ്രഹാം (എസ്റ്റേറ്റ് മാനേജർ ഐ.പി.സി.ഇഡബ്ല്യു എസ്), ഡോക്ടർ റ്റി.സി.കോശി (സെനറ്റ് മെമ്പർ) എന്നിവർ നൽകി. ഐ.പി.സി.എഡ്യുക്കേഷൻ ആൻഡ് വെൽഫെയർ സൊസൈറ്റി പ്രസിഡന്റ് പാസ്റ്റർ വി.ജെ.തോമസ് ഗ്രാഡുവേറ്റു ചെയ്ത വിദ്യാർത്ഥികളെ അനുഗ്രഹിച്ചു പ്രാർത്ഥിച്ചു. സെമിനാരി മാഗസിൻ ഡോക്ടർ ആശിഷ് ക്രിസ്പാൽ പാസ്റ്റർ മോനി ചെന്നിത്തലക്ക് നൽകി പ്രകാശനം ചെയ്തു. പാസ്റ്റർ കെ.സി.ചെറിയാൻ, ഡോ.ആശിഷ് ക്രിസ്പാൽ, ഡോ.ഇടിച്ചെറിയാ നൈനാൻ, ജോർജ്ജ് മത്തായി, സജി പോൾ, ജോയി താനവേലിൽ എന്നിവർ ആശംസ അറിയിച്ചു.



കൊച്ചിയിൽ എത്തുമ്പോൾ സ്വന്തം വീടുപോലെ പാർക്കുവാൻ ഒരിടം

- കൊച്ചിയുടെ ഹൃദയഭാഗമായ പാലാരിവട്ടത്ത്
- എയർകണ്ടീഷൻഡ് മുറികൾ
- ആധുനികവും ആർഭാട പൂർണ്ണവുമായ ഫർണിഷിംഗ്
- ഇലക്ട്രോണിക് ഉപകരണങ്ങൾ ഏറ്റവും മികച്ചത്
- അത്യാധുനിക സൗകര്യങ്ങൾ ഉള്ള അടുക്കള
- ബൈപാസിൽനിന്ന് 50 മീറ്റർ ദൂരം
- ബിസിനസ്/കുടുംബ സന്ദർശനങ്ങൾക്ക് അനുയോജ്യം
- വിദേശ മലയാളികൾക്ക് പ്രത്യേക പരിഗണന
- ഹോട്ടലുകളേക്കാൾ ആദായകരം
- വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം




1000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം 2 ബെഡ്റൂം, ഹാൾ, കിച്ചൺ

GILEAD
ഗിലയാദ് ഫർണിഷ്ഡ് അപ്പാർട്ട്മെന്റ്സ് & ട്രാവൽസ്
Gilead Furnished Apartments & Travels
UAE: Off: +971 6 5733114, Mobile: 971 50 634 6534
India: +91 9048 148 048 / 98471 99 816 / 944 64 54 393
E-mail: gileadtravels@gmail.com, sco@eim.ae
Website: www.gileadfurnishedapartments.com
VEHICLE WITH DRIVER ALSO AVAILABLE


## ബൈബിൾ പഠന പരമ്പര

വെള്ളറട: ഐ.പി.സി.അമ്പൂരി ശുരവക്കാണി സഭയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 25 മുതൽ മാർച്ച് 3 വരെ ദാനിയേൽ പ്രവചനത്തിന്റെ വചനപഠന പരമ്പര നടന്നു. പാസ്റ്റർ എസ്.ഇ.ജ്ഞാനദാസ്, സുവി.പ്രേംദാസ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ജോബി ഹാർവിൻ ദാനിയേൽ പ്രവചനത്തിന്റെ പഠനപരമ്പര നടത്തി. തിരുവനന്തപുരം ഹോളി ഫെലോഷിപ്പ് മ്യൂസിക് ടീം ഗാനശുശ്രൂഷ നടത്തി ബ്രദർ തങ്കമണി നേതൃത്വം നൽകി.

# ഐ.പി.സി.എഡ്യുക്കേഷൻ & വെൽഫെയർ സൊസൈറ്റി വർക്കി ഏബ്രഹാം പ്രസിഡന്റ്



*പാസ്റ്റർ വി.ജെ. തോമസ് പുതിയ പ്രസിഡന്റായ വർക്കി ഏബ്രഹാമിന് ചുമതല കൈമാറുന്നു.*

**കോട്ടയം:** സുവിശേഷീകരണം, സാമൂഹിക സേവനം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ഐ.പി.സി.എഡ്യുക്കേഷൻ & വെൽഫെയർ സൊസൈറ്റിക്ക് പുതിയ ഭരണസമിതി നിലവിൽ വന്നു. സൊസൈറ്റിയുടെ പുതിയ പ്രസിഡന്റായി വർക്കി ഏബ്രഹാം കാച്ചാണത്ത് തിരഞ്ഞെടുക്കപ്പെട്ടു. ഐ.പി.സി.തിയോളജിക്കൽ സെമിനാരി ഗ്രാഡുവേഷനിൽ ഡോക്ടർ ഇടിച്ചെറിയാ നൈനാന്റെ നേതൃത്വത്തിൽ നടന്ന പ്രസിഡന്റ് ഇൻസ്റ്റാലേഷൻ സർവ്വീസിൽ സൊസൈറ്റിൽ പ്രസിഡന്റ് പാസ്റ്റർ വി.ജെ.തോമസ് പുതിയ പ്രസിഡന്റിന് ചുമതല കൈമാറി. സുവിശേഷീകരണത്തിലും, സാമൂഹിക സേവനരംഗത്തും, വിദ്യാഭ്യാസ മേഖലയിലും കഴിഞ്ഞ 12 വർഷങ്ങളായി പ്രവർത്തിക്കുന്ന സൊസൈറ്റിയുടെ പ്രധാന പ്രൊജക്ടാണ് ഐ.പി.സി.തിയോളജിക്കൽ സെമിനാരി കോട്ടയം. പൊതുചുമതലയിൽ നടത്തപ്പെടുന്ന ഈ പ്രസ്ഥാനത്തിന് ചുക്കാൻ പിടിക്കുന്നത് ബോർഡങ്ങളിൽ നിന്ന് മൂന്നു വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്ന മാനേജിംഗ് കമ്മറ്റിയാണ്. വൈസ് പ്രസിഡന്റായി പ്രൊഫസർ റ്റി.സി.കോശിയും സെക്രട്ടറിയായി സജി പോളും, ട്രഷററായി ജേക്കബ് റ്റി.ഏബ്രഹാമും എസ്റ്റേറ്റ് മാനേജരായി ജോയി താനവേലിലും തിരഞ്ഞെടുക്കപ്പെട്ടു. കമ്മറ്റി അംഗങ്ങളായി പാസ്റ്റർ ഇ.എ.മോസസ്, പാസ്റ്റർ കെ.ഇ.തോമസ്, പാസ്റ്റർ കെ.സി.ചെറിയാൻ, ഡോ. ഇടിച്ചെറിയാ നൈനാൻ, റവ.എബി പീറ്റർ, പാസ്റ്റർ എ.ടി.ജോർജ്ജ്, പി.എം.ചെറിയാൻ, കുര്യൻ ജോസഫ്, കെ.എം.തോമസ്, ജോൺ തോമസ് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

മിഷൻ ഡയറക്ടറായി റവ.സ്റ്റാൻലി ഡാനിയേൽസ്, അസോസിയേറ്റ് ഡയറക്ടേഴ്സായി ബ്രദർ പി.എം.ചെറിയാൻ, സുധി ഏബ്രഹാം എന്നിവരെയും തിരഞ്ഞെടുത്തു. ബിഹാർ, യു.പി. ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ ട്രെയിനിംഗ് സെന്ററുകളും മിഷനറിമാരും പ്രവർത്തിക്കുന്നു.

ഐ.പി.സി.എഡ്യുക്കേഷൻ & വെൽഫെയർ സൊസൈറ്റിയുടെ ഔദ്യോഗിക സ്ഥാനങ്ങളിൽ 2010-13 കാലയളവിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുകയും 2013-ൽ തൽസ്ഥാനത്തു നിന്ന് വിരമിക്കുകയും ചെയ്ത പാസ്റ്റർ വി.ജെ.തോമസ്, പാസ്റ്റർ ഇ.എ.മോസസ്, പാസ്റ്റർ മോനി ചെന്നിത്തല എന്നിവരെ പുരസ്ക്കാരങ്ങൾ നൽകി ആദരിച്ചു.


Study@ Bangalore Australia & Canada

Eben-Ezer College of International Business Studies -BANGALORE



Diploma in Hospitality (Australian Degree)
Brisbane North Institute of TAFEE - Queensland
Brisbane North INSTITUTE OF TAFE
Course Details
Duration : 12 Months, Full Time
Eben-Ezer Campus Bangalore
Intake: June
Accademic Requirements:
- Grade 12 (10+2) Minimum 50%
Outcome
DNIT's Diploma Programs also offer established direct entry pathways into Bachelor Degree programs at top Queensland universities with up to 1 year credit

Diploma in Personal Supper Worker (Canadian Degree)
Loyalist College - Canada
LOYALIST
Duration : 2½ Years 1st semester in
Eben-Ezer Bangalore Campus & 4 semesters in Canads
Intake: May
Eligibility: Pass in 10+2 Minimum 60% average
English Level IELTS 6.0
(With no individual band below 5.5)

#19, Ebenezer Nagar, Hennur Bagalur Road, Kothanur, Bangalore - 560 077
Contact: 080 - 28444201 / 65654909
Mob: +91 98458 90178 / + 91 9740157249 / +91 9448840275
E-mail: ebenezerbir@yahoo.co.in | Web: www.ebenezerbir.org



BETHEL BANGALORE
www.BethelAGIndia.org



LEADERSHIP SEMINAR
with
Rev. Dr. M A Varughese
Senior Pastor
(മറ്റു കർത്തൃദാസന്മാരും ശുശ്രൂഷിക്കുന്നു)

8 to 13 APRIL 2013
Register Today!
Food & Accommodation will be provided

Vision Casting, Power Impartation, Bible Study

ലക്ഷ്യം:
ഭാരതത്തിന്റെ ഉണർവ്വിനും ഈ തലമുറയുടെ സുവിശേഷീകരണത്തിനുമായി വിളിയും തെരഞ്ഞെടുപ്പുമുള്ള ശുശ്രൂഷകരെ ഒരുക്കുക
(പ്രത്യേകിച്ച് ഉത്തരഭാരതത്തിൽ ശുശ്രൂഷയിൽ നില്ക്കുന്നവർക്ക് മുൻ ഗണന)

Bethel AG Church
Ring Road, Hebbal, Bangalore 24
Reg. fee Rs. 200/-
Contact: 080 68888880
pastor@BethelAGIndia.org

നഴ്സ്മാർക്ക് വിദേശത്ത് ജോലിക്ക് സഹായകമായ

എല്ലാ Certificates-ഉം ATTESTATION / APOSTILLE

ചെയ്യുന്നതിന് ബന്ധപ്പെടുക: Trawellday In Tours & Travels, MG Road, Cochin -15, Kerala Ph. 0484 6455636, 6005646, 6005636, 2357007,

Email- trawellday.cochin@gmail.com.


## അഗപ്പെ മിഷൻ കർണ്ണാടക റീജിയൻ കൺവൻഷൻ

ബാഗ്ലൂർ; അഗപ്പെ ഗോസ്പൽ മിഷൻ കർണ്ണാടക റീജിയൻ കൺവൻഷൻ ഫെബ്രുവരി1-3 വരെ ബാംഗ്ലൂർ ജെ.പി നഗറിൽ നടന്നു. സുവി.ജോസഫ് ഇടക്കാട്ടിൽ. സുവി.പി.എം അലക്സാണ്ടർ എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ജോസ് എബ്രഹാം കൺവൻഷൻ ഉത്ഘാടനം ചെയ്തു. മുൻ എം.പിയും ഇന്ത്യ ഗവൺമെന്റ് മൈനോരിറ്റി കമ്മിഷൻ വൈസ് ചെയർമാനുമായ എച്ച്.റ്റി സാഗ്ലിയാന, മുൻ കൗൺസിലർ എം വെങ്കിടേഷ് തുടങ്ങിയ പ്രമുഖ വ്യക്തികൾ ആശംസകൾ അറിയിച്ചു. പാസ്റ്റർ സന്തോഷ് ചെറിയാൻ കർണ്ണാടക റീജിയന്റെ കോ-ഓഡിനേറ്ററായി പ്രവർത്തിക്കുന്നു.

## കൺവൻഷൻ

കുമ്പനാട്: ശാരോൻ ഫെലോഷിപ്പ് കുമ്പനാട് ടൗൺ ചർച്ചിന്റെ ഉണർവ്വ് യോഗം മാർച്ച് 31-മുതൽ ഏപ്രിൽ 3 വരെ കുമ്പനാട് പണിക്കേഴ്സ് ഗ്രൗണ്ടിൽ നടക്കും. കുമ്പനാട് ഗാദ് ഗോസ്പൽ മെലഡി ഗാനശുശ്രൂഷക്ക് നേതൃത്വം നൽകും. പാസ്റ്റർ രാജു മേത്ര, പാസ്റ്റർ ബി.മോനച്ചൻ, ഡോ.ബി. വർഗീസ്, ഡോ.തോമസ് മാമ്മൻ തുടങ്ങിയവർ പ്രസംഗിക്കും, പാസ്റ്റർ ബെന്നി വെട്ടിയാർ നേതൃത്വം നൽകും. 9744776321

## ഉപവാസ പ്രാർത്ഥന

കോഴഞ്ചേരി: ചർച്ച് ഓഫ് ഗോഡ് കോഴഞ്ചേരി ഗിൽഗാൽ ഹാളിൽ ഫെബ്രുവരി 25-27 വരെ ഉപവാസ പ്രാർത്ഥന നടന്നു.

## വി.ബി.എസ്

കോഴഞ്ചേരി: ചർച്ച് ഓഫ് ഗോഡ് കോഴഞ്ചേരി ഗിൽഗാലിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 1-6 വരെ വി.ബി.എസ്.നടക്കും. പാസ്റ്റർമാരായ കെ.എ.ഡേവിഡ്, വിനോദ് തോമസ്, ജിജു പി.ഏബ്രഹാം എന്നിവർ നേതൃത്വം നൽകും.

## അഗപ്പെ മിഷൻ തമിഴ്നാട് റീജിയൻ കൺവൻഷൻ

മയിലാടുംതുറൈ; അഗപ്പെ മിഷൻ തമിഴ്നാട് റീജിയൻ കൺവൻഷൻ ഫെബ്രുവരി 4,5 തിയതികളിൽ മയിലാടുംതുറൈയിൽ നടന്നു. സുവി.ജോസഫ് ഇടക്കാട്ടിൽ, സുവി.പി.എം.അലക്സാണ്ടർ, പാസ്റ്റർ സന്തോഷ് ചെറിയാൻ എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ രവി ജോൺസൻ തമിഴ്നാട് റീജിയന്റെ കോ-ഓഡിനേറ്ററായി പ്രവർത്തിക്കുന്നു.

## കൺവൻഷൻ

കൊട്ടാരക്കര: ചെങ്ങമനാട് അസംബ്ലീസ് ഓഫ് ഗോഡ് കൺവൻഷൻ ഏപ്രിൽ 3-6 വരെ നടക്കും. പാസ്റ്റർമാരായ റ്റി.ഡി.ബാബു, മനു മേനോൻ, തോമസ് മാമ്മൻ, റ്റി.ജെ.സാമുവേൽ എന്നിവർ പ്രസംഗിക്കും. പാസ്റ്റർ ജോർജ്ജ് വർഗീസ് നേതൃത്വം നൽകും.

## ഭാരതപ്പുഴ കൺവൻഷൻ



ഒറ്റപ്പാലം: ഭാരതപ്പുഴ കൺവൻഷന്റെ 15-ാമത് സമ്മേളനം ഫെബ്രുവരി 13-17 വരെ ഒറ്റപ്പാലം മണൽപ്പുറത്ത് നടന്നു. ബ്രദർ സുരേഷ് ബാബു, പാസ്റ്റർമാരായ കെ.എ.ഏബ്രഹാം, കെ.ജോയി, ബാബു ചെറിയാൻ എന്നിവർ പ്രസംഗിച്ചു. സ്റ്റീഫൻ ദേവസ്സി, ബിനോയ് ചാക്കോ, പോൾ ബാബു എന്നിവർ സംഗീത ശുശ്രൂഷക്ക് നേതൃത്വം നൽകി. ബൈബിൾ സ്റ്റഡി. യുവജനസമ്മേളനം തുടങ്ങിയവ കൺവൻഷന്റെ ഭാഗമായി നടന്നു. മലബാറിലെ വിവിധ ഭാഗങ്ങളിൽ നിന്ന് അനേകർ കൺവൻഷനിൽ സംബന്ധിച്ചു. പാസ്റ്റർമാരായ പി.ഡി.ജേക്കബ് (രക്ഷാധികാരി), ഇ.പി. വർഗീസ് (പ്രസിഡന്റ്), കെ.കെ.വിത്സൻ (വൈസ് പ്രസിഡന്റ്), പി.കെ. ദേവസ്സി (സെക്രട്ടറി), പി.സി.ജോർജ്ജ് (ട്രഷറാർ), എൽ ജസ്റ്റസ് (കോർഡിനേറ്റർ), സജി മത്തായി കാതേട്ട് (പ്രോഗ്രാം കോ-ഓർഡിനേറ്റർ എന്നിവരടങ്ങുന്ന കമ്മറ്റി കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിച്ചു.




ഗായകരെ ക്ഷണിക്കുന്നു

എപ്രിൽ 24 മുതൽ 28 വരെ പരുമലയിൽ നടക്കുന്ന മെഗാ ക്രൂസേഡിൽ പ്രമുഖ ഗായകരോടൊപ്പം ക്വയറിൽ പാടുവാൻ താത്പര്യവും കഴിവുമുള്ള യുവതീ യുവാക്കളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു

9447694965, 9446354994



**ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.**

നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും,
നിങ്ങളുടെ പണം സുരക്ഷിതമായി
നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.




**C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി**

Chief Life Insurance Advisors.
Corporate Club Member, Chairman's Club Member

**തൊഴിലവസരം**

ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷ്വറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.

OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com

ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ.,
പത്തനംതിട്ട (Dist).



ADMISSION BOOKING STARTED 2013



MBBS, BDS, PHARM.D. ENGG.,
BBA -AVIATION , SPEECH & HEARING
RESPIRATORY THERAPY,
RENAL DIALYSIS, PC BSC NURSING,
PERFUSION TECHNOLOGY,
POLY TECHNIC, MSC NURSING

ഇന്ത്യയിലെ പ്രശസ്തമായ കോളേജുകളിൽ വളരെ മിതമായ ഫീസിൽ അഡ്മിഷൻ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും കരിയർ കൗൺസിലിംഗിനും അഡ്മിഷനും ബന്ധപ്പെടുക.

വിശ്വാസികളാൽ നടത്തപ്പെടുന്ന വിശ്വസ്ത സ്ഥാപനം.

Call @ 9947963438
9847170530

CAREER EDUCATION
WHERE EDUCATION HAS A NEW DIMENSION

1st Floor, Amprayil Bldgs,
YMCA Jn. THIRUVALLA
Ph: 0469-2620999, 2606002



**സുവിശേഷകരെ ആവശ്യമുണ്ട്**

കണ്ണൂർ ജില്ലയിൽ സുവിശേഷവേലക്ക് വിളിയും സമർപ്പണവുമുള്ള ഐ.പി.സി.അംഗീകൃത ബൈബിൾ സ്കൂളുകളിൽ ദൈവവചനം അഭ്യസിച്ച, പുതിയ വേലസ്ഥലത്ത് കുടുംബസമേതം പ്രവർത്തിക്കുവാൻ താത്പര്യമുള്ളവരെ ആവശ്യമുണ്ട്.

ബന്ധപ്പെടുക: **9605107234, 9447759669**



3 ദിവസത്തെ ബൈബിൾ ക്ലാസ്

തിയതി 2013 മാർച്ച് 28 മുതൽ 30 വരെ

രാവിലെ 10.00 നും, വൈകിട്ട് 6.00 നും

വിഷയം:

- കർത്താവായ യേശുക്രിസ്തുവിന്റെ മടങ്ങിവരവും അനന്തര സംഭവങ്ങളും
- ആധുനിക ലോക സംഭവങ്ങൾ ബൈബിൾ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ
- ഉൾപ്രാപണം, മനുഷ്യന്റെ മരണാനന്തര ന്യായവിധി മുതലായ വിഷയങ്ങൾ

ക്ലാസുകൾ നയിക്കുന്നത്: ബ്രദർ ജോൺ പി തോമസ്
(മികച്ച പ്രഭാഷകനും ബൈബിൾ പണ്ഡിതനും)

സ്ഥലം: റിവൈവൽ ടാബർനാക്കിൾ പ്രെയർ ഹാൾ
കണ്ണായത്ത് 3rd ക്രോസ് റോഡ് (KRRWA - 46) മാമംഗലം കൊച്ചി – 25
(മാമംഗലം ബസ്സ്റ്റോപ്പിനും മോഡേൺ ബ്രഡ് കമ്പനിക്കും ഇടയ്ക്ക്)

വിവരങ്ങൾക്ക്: പാസ്റ്റർ ജോൺ ജോസഫ് 9387549185
e-mail: jjoseph1@rediffmail.com
Website: www.revivaltabernaclechurch.com

എല്ലാവർക്കും സംബന്ധിക്കാവുന്നതാണ്

# ഭൂമി പിരിഞ്ഞുപോയതും വൻകര വിസ്ഥാപനസിദ്ധാന്തവും

3-ാം പേജ് തുടർച്ച

ഞ്ഞിരിക്കണം.

ഭൂമിയുടെ പുറംതോട് (സ്ഥലമണ്ഡലം) ചെറുതും വലുതുമായ അനേക ശിലാഫലകങ്ങൾക്കൊണ്ട് പൊതിഞ്ഞ് സൂക്ഷിച്ചിരിക്കുന്നു. ഈ ശിലാഫലകങ്ങൾക്ക് 100 കിലോമീറ്ററോളം കനവും അനേകമായിരം കിലോമീറ്റർനീളവുമുണ്ട്. ഇവയെല്ലാം ചേർത്ത് വെച്ച് അതിന് മുകളിൽ അൽപം മണ്ണുമിട്ട് നിരത്തിയാണ് ദൈവം നമ്മെ ഈ ഭൂമിയിൽ പാർപ്പിച്ചിരിക്കുന്നത്. ഏഴ് വലിയ ഫലകങ്ങൾ ഉള്ളതിൽ ഇന്ത്യസ്ഥിതിചെയ്യുന്നത് ഇന്തോ ഓസ്ട്രേലിയൻ ഫലകത്തിന് മുകളിലാണ്. ഈ രണ്ട് രാജ്യങ്ങൾക്കിടയിൽ ഇന്ത്യൻ മഹാസമുദ്രം ഉണ്ടെന്ന കാര്യം മറക്കരുത്. ഓസ്ട്രേലിയക്ക് താഴെയുള്ള ശില ഇളകിയാൽ ഇന്ത്യയും കുലുങ്ങും അതായത് രണ്ട് രാജ്യങ്ങളും ഒരേ കല്ലിന്റെ (ശിലാഫകം) പുറത്താണന്ന് സാരം

ഈ ശിലകൾ എവിടെ എങ്ങനെ സ്ഥിതിചെയ്യുന്നുവെന്ന് അറിയണ്ടേ? ഇന്ത്യയുടെ പതിന്മടങ്ങ് വലിപ്പമുള്ള ഈ പടുകൂറ്റൻ ശിലകൾ ഉരുകിയ പാറലായിനി (അസ്തനോസ്ഫിയർ)യുടെ മുകളിൽ പൊങ്ങിക്കിടക്കുന്നു. വെള്ളത്തിൽ പൊങ്ങികിടക്കുന്ന പല കഷ്ണങ്ങൾപ്പോലെ ഉരുകിയ ശിലാദ്രാവകത്തിനു മുകളിൽ പൊങ്ങിക്കിടക്കുന്ന ഈ പടുകൂറ്റൻ ഫലകങ്ങൾ ചിലപ്പോൾ കൂട്ടിമുട്ടും. ചിലപ്പോൾ അടുത്തിരിക്കുന്നവ തമ്മിൽ ഞെരിഞ്ഞമരും. അപ്പോഴൊക്കെ ഭൂകമ്പമുണ്ടാകും. ചിലപ്പോൾ ഈ ശിലാഫലകങ്ങൾ തമ്മിൽ പരസ്പരം അകന്ന് മാറുകയും ചെയ്യും. അപ്പോഴും ഭൂമി കുലുക്കമുണ്ടാകും ഭൂമിയുടെ മുകൾപരപ്പിന് നൂറുകിലോമീറ്റർ താഴെ ശിലാഫലകങ്ങൾ തമ്മിൽ കൂട്ടിമുട്ടുമ്പോഴുണ്ടാകുന്ന ആഘാതത്തിന്റെ പ്രകടനങ്ങളാണ് മഹാദുരന്തമുണ്ടാക്കുന്ന ഭൂകമ്പങ്ങൾ. ശിലാ ഫലകങ്ങൾ അകന്നുമാറുന്നതിന്റെ ഫലമായി ഭൂമിയുടെ ഉപരിതലം ഇടിഞ്ഞുതാണ് വിസ്താരമുള്ള താഴ് വരകൾ രൂപം പ്രാപിക്കുമത്രെ. ഇത്തരത്തിലുള്ള ശിലാഫലകങ്ങളുടെ അതിരുകളിലാണ് സാധാരണയായി അഗ്നിപർവ്വത സ്ഫോടനവും ഭൂകമ്പവുമൊക്കെ ഉണ്ടാകുന്നത്.

ഹിമാലയൻ താഴ്വരകൾ ഒരു ഭൂകമ്പ മേഖലയാണ്. കാരണമെന്താണന്നല്ലേ? ഇന്തോ ഓസ്ട്രേലിയൻ ഫലകവും യൂറേഷ്യൻഫലകവും തമ്മിൽച്ചേരുന്ന സ്ഥലത്താണ് ഹിമാലയ പർവ്വതം സ്ഥിതിച്ചെയ്യുന്നത്. ഭൂശാസ്ത്രജ്ഞന്മാർ പറയുന്ന ഒരു അത്ഭുത സംഭവമാണ് ഹിമാലയപർവ്വതത്തിന്റെ ഉത്ഭവം. ഒരു കാലത്ത് കടലിനടിയിലായിരുന്ന പ്രദേശമാണത്രെ ഹിമാലയം. ഇന്തോ ആസ്ട്രേലിയൻ ഫലകവും യൂറേഷ്യൻ ഫലകവും തമ്മിൽ കൂട്ടിയിടിച്ചതിന്റെ ഫലമായി ഫലകാതിരുകൾ ഞെരിഞ്ഞ് മടങ്ങി ഉയർന്നു വന്നതാണത്രെ ഹിമായല പർവ്വതം. അതുകൊണ്ട് ഹിമാലയത്തെ മടക്കുപർവ്വതമെന്നാണ് വിളിക്കുന്നത്. ഈ രണ്ട് ഫലകങ്ങളുടെയും അതിരുകളിൽ സ്ഥിതിചെയ്യുന്നതുകൊണ്ടാണ് ഹിമാലയമേഖല ഒരു ഭൂകമ്പമേഖലയായിത്തുടരുന്നത്. ദക്ഷിണ ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ ശക്തമായ ഭൂകമ്പമുണ്ടാകാത്തതിന്റെ ശാസ്ത്രീയകാരണം ഇതായിരിക്കും. ലോകമെങ്ങുമുള്ള ജനത്തിന് സുവിശേഷവും ദൈവസ്നേഹവും എത്തിച്ചുകൊടുക്കുവാൻ വേണ്ടിയാണ് ദൈവം പ്രകൃതിദുരന്തങ്ങളില്ലാത്ത ഒരു പ്രദേശത്ത് മലയാളികളെ കുടിയിരുത്തിയതെന്ന് എന്റെ വിശ്വാസം.

ഭൂമിയുണ്ടായി ലക്ഷകണക്കിന് കൊല്ലങ്ങൾക്ക് ശേഷമാണ് ഹിമാലയപർവ്വതം ഉണ്ടായതെന്നും അതിപ്പോഴും വളർന്നുകൊണ്ടിരിക്കുന്നു എന്നും ശാസ്ത്രലോകം പറയുമ്പോൾ നമ്മൾ വിശ്വാസികൾ അതിനെ എതിർക്കേണ്ട കാര്യമില്ല. ദൈവം ഭൂമിയെ സൃഷ്ടിച്ചപ്പോൾ അതിൽ ധാരാളം പർവ്വതങ്ങളുണ്ടായിരുന്നു. ദൈവം പ്രകൃതിക്ക് പ്രവർത്തന സ്വാതന്ത്ര്യം കൊടുത്തതുകൊണ്ട് പ്രകൃതിശക്തികളുടെ പ്രവർത്തനഫലമായി വിവിധ ഭൂരൂപങ്ങൾ ഉണ്ടാകാറുണ്ട്. മരുഭൂമി, പീഠഭൂമി, പർവ്വതങ്ങൾ, താഴ്വരകൾ, എന്നിവ ഇതിന് ഉദാഹരണങ്ങളാണ് ഇതൊന്നും ദൈവീക സൃഷ്ടിയെ നിരാകരിക്കുന്നില്ല.

നമ്മൾ അധിവസിക്കുന്ന ഈ ശിലാഫലകങ്ങൾ ഇപ്പോഴും പരസ്പരം അകന്നുകൊണ്ടിരിക്കുന്നു. എന്തിന് പറയുന്നു ഭൂമിതന്നെ ഒരു വിമാനത്തേക്കാൾ വേഗത്തിൽ സ്വയം കറങ്ങുന്നു. ഒരു റോക്കറ്റിനേക്കാൾ വേഗത്തിൽ ഭൂമി സൂര്യന് ചുറ്റും കറങ്ങുന്നു. (ഒരു സെക്കന്റിൽ 30 കിലോമീറ്റർ) എന്നിട്ടും നമ്മൾ തല കറങ്ങി താഴെ വീഴാത്തത് ദൈവം തന്റെ വിരൽതുമ്പിലിട്ട് ഈ ഭൂമി കറക്കുന്നതോടൊപ്പം അവന്റെ ഉള്ളം കൈയ്യിലെടുത്ത് നമ്മെ സംരക്ഷിക്കുന്നതുകൊണ്ടുമാണ്. ദൈവത്തിന്റെ സംരക്ഷണയിൽ ദൈവഭയത്തോടെ, പ്രത്യേശയോടെ നമുക്ക് ഈ പരദേശയാത്ര പൂർത്തിയാക്കാം.

## കൊട്ടാരക്കര ഹെബ്രോൻ കൺവൻഷൻ

കൊട്ടാരക്കര: കേരളാ തിയോളജിക്കൽ സെമിനാരിയുടെ 13-ാമത് വാർഷിക കൺവൻഷൻ ഫെബ്രു 13-17 വരെ നടന്നു. സെമിനാരി പ്രസിഡന്റ് ഡോ.കുഞ്ഞപ്പൻ സി വർഗീസ് ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ പാസ്റ്റർ ജോർജ് ദാനിയേൽ, പാസ്റ്റർ കെ.ജോയി, റവ.പി.ഐ ഏബ്രഹാം, പ്രൊഫ.മാത്യു പി തോമസ്, പാസ്റ്റർ വർഗീസ് ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. ഫെബ്രു.16ന് സെമിനാരിയുടെ ഗ്രാജുവേഷൻ നടന്നു. ഡോ. ആശിഷ് ക്രിസ്പോൾ മുഖ്യ സന്ദേശം നൽകി. പഠനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. 17ന് സംയുക്ത ആരാധനയോടു കൂടി കൺവൻഷൻ സമാപിച്ചു.




# ക്രിസ്തീയ യുവജന ക്യാമ്പ്

**സ്ഥലം: ക്രിസ്ത്യൻ റിട്രീറ്റ് സെന്റർ, തിരുവനന്തപുരം**

**കാലം: 2013 ഏപ്രിൽ 15 തിങ്കൾ മുതൽ 18 വ്യാഴം വരെ**

**എല്ലാ ദിവസവും രാവിലെ 9 മുതൽ രാത്രി 9 വരെ**

**വചന ധ്യാനം, വചനപഠനം, ചർച്ചകൾ, പ്രാർത്ഥന എന്നിവയായിരിക്കും.**

ഭക്ഷണവും, മിതമായ താമസ സൗകര്യവും ക്രമീകരിക്കുന്നു. കേരളത്തിന്റെ 14 ജില്ലകളിൽ നിന്നും 50 പേരെ മാത്രം സംബന്ധിപ്പിക്കുന്നു.

ലക്ഷ്യം: ക്രിസ്തീയ യുവാക്കളെ സുവിശേഷപ്രവർത്തനത്തിലും സഭാ ആരാധനയിലും പരിചയിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക

ഈ ക്യാമ്പിൽ പങ്കെടുക്കുന്നവരെ കേന്ദ്രീകരിച്ച് ഭാവി പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുന്നു.

പ്രായപരിധി: 18-നും 35-നും ഇടയിലെ പ്രായം.

ഉടൻ ബന്ധപ്പെട്ട് പ്രവേശനം ഉറപ്പാക്കുക

ബന്ധപ്പെടുമ്പോൾ: പേര്, പൂർണ്ണവിലാസം, ഉൾക്കൊള്ളുന്ന സംഘടന/സഭ/ പ്രായം എന്നിവ അറിയിക്കണം.

രജിസ്റ്റർ ചെയ്യുന്നവർക്ക് തുടർന്നുള്ള വിവരങ്ങൾ, വരാനുള്ള വഴി എന്നിവ അറിയിക്കുന്നതാണ്.

*വിലാസം:* ക്രിസ്തീയ യുവജനക്യാമ്പ്
ക്രിസ്ത്യൻ റിട്രീറ്റ് സെന്റർ, മൗണ്ട് കാർമ്മേൽ
നെട്ടയം പി.ഒ., തിരുവനന്തപുരം-695013
ഫോൺ: 9447344997, 9746773023



# IPC THEOLOGICAL SEMINARY KOTTAYAM

Accredited by Asia Theological Association

| PROGRAMME | DURATION | MEDIUM | REQUIRED QUALIFICATION |
|---|---|---|---|
| B.Th * | 4 Years | English | +2 Pass/ Equivalent |
| M.Div * | 2 Years | English | B.Th (Recognized) |
| M.Div * (Distance) | 3 Years | English | B.Th (Recognized) Any Bachelor Degree |
| MA in H.C.D Distance | 2 Years | English | Mature Candidate B.Th (Recognized) Any Bachelor Degree |
| Dip.Th • | 3 Years | English | 10th Pass/ +2 Appeared |

* Accredited by ATA

• Accredition procedures are well underway and ATA accredition will be secured by the graduation of the first batch

**Interview & Entrance**
March 23rd April 17th May 15th 2013

*For Prospectus and further details*

The Dean of Academics
IPC Theological Seminary
Kottayam (IPCTSK),
P. O. Box. 3, Puthuppally,
Kottayam - 686 011 ,
Kerala, India.
Ph. 0481-2351774, 2353040.
E-mail: ipctsk@gmail.com, ipctsk2011@gmail.com
Web: www.ipcseminary.org

**Distance Education**
Master of Divinity (M.Div)
ATA Accredited
Application invited from university graduates B.Th degree holders, mature candidate (Both men and women)

**Admission open for**
**Kottayam, Mumbai, Bilaspur centers**



**ആത്മീയ ആരാധനയ്ക്കായി**

**അസംബ്ലീസ് ഓഫ് ഗോഡ്. ചൂണ്ടി, ആലുവയിലേക്ക് സ്വാഗതം**

ആരാധന ഞായർ 10-1

പാസ്റ്റർ തോമസ് ജോസഫ്,
പ്രണവം കോംപ്ലക്സ്, ചൂണ്ടി, ആലുവ-683112
ഫോൺ: 9645875599, 9645875686



**ഇൻഡിപെൻഡന്റ് പെന്തെക്കോസ്തൽ യുണൈറ്റഡ് ഫെലോഷിപ്പ്(IPUF)ന്റെ ആഭിമുഖ്യത്തിൽ**

# ഓൾ കേരളാ പാസ്റ്റേഴ്സ് കോൺഫ്രൻസ് 2013

സ്ഥലം: ഐ.സി.പി.എഫ് ക്യാമ്പ് സെന്റർ, മുട്ടുമൺ, കുമ്പനാട്
തീയതി: 2013 ഏപ്രിൽ 3,4,5 ബുധൻ, വ്യാഴം, വെള്ളി

രജിസ്ട്രേഷൻ 250 പേർക്കു മാത്രം

ഭക്ഷണം, താമസം, യാത്ര ചിലവ് നൽകുന്നതായിരിക്കും.
രജിസ്ട്രേഷൻ : 9847914486, 9447357260, 9544412537

പ്രോഗ്രാമിന് വേണ്ടി
പാസ്റ്റർ പി.കെ.തോമസ് *(IPUF ചെയർമാൻ)*
പാസ്റ്റർ ജയ്സൺ ഉതുംകുഴിയിൽ *(പബ്ലിസിറ്റി)*

## യാത്രയായി

### വി. എ. വർഗീസ്



റാന്നി: ചെത്തോങ്കര വാഴയിൽ പരേതനായ വി.എ.ഏബ്രഹാമിന്റെയും റേച്ചൽ ഏബ്രഹാമിന്റെയും മകൻ വി.എ.വർഗീസ് (70) നിര്യാതനായി. കണ്ണങ്കര മണ്ണിൽ കുടുംബാംഗമായ ബേബിയാണ് ഭാര്യ. മക്കൾ:ഇവാ.ജിജ വർഗീസ്, ബിജു വർഗീസ് (ന്യൂയോർക്ക്), മരുമക്കൾ: ബിൻസി കീക്കൊഴൂർ പൊട്ടക്കുളത്ത് കുടുംബാംഗവും, ജോളി ഓതറ മൂത്തേടത്ത് കുടുംബാംഗവുമാണ്.

മാർച്ച് 8-ന് വെള്ളിയാഴ്ച ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം തിരുവല്ല കുറ്റപ്പുഴ ഐ.പി.സി.സഭസെമിത്തേരിയിൽ സംസ്ക്കാരം നടന്നു. പാസ്റ്റർമാരായ ജോസഫ് വില്യംസ് (ന്യൂയോർക്ക്), ജോൺ ഏബ്രഹാം എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു. പെന്തെക്കോസ്ത് വിശ്വാസത്തിൽ വളർത്തപ്പെട്ട വി.എ.വർഗീസ് വിദ്യാഭ്യാസത്തിന് ശേഷം ഒറിസ്സയിൽ റ്റാറ്റാ റിഭാക്റ്ററീസിൽ ഫാർമസിസ്റ്റായി ജോലി ചെയ്തു. 1998-ൽ യു.എസിലെത്തിയ ഇദ്ദേഹം അന്നു മുതൽ മക്കളോടൊപ്പം താമസമായി. പാസ്റ്റർ ജോസഫ് വില്യംസ് ശുശ്രൂഷിക്കുന്ന ന്യൂയോർക്ക് റോക്ക്ലന്റ് ഐ.പി.സി.സഭാംഗമായിരുന്നു.

### പാസ്റ്റർ ബേബി ദാസ്



ഐ.പി.സി.വെള്ളറട സെന്ററിലെ ചെമ്പൂര് ചിലമ്പറ ബഥേൽ ഐ.പി.സി.സഭാ ശുശ്രൂഷകനും വലിയവഴി പൂൽപ്പാറ മഹനിയം ഹൗസിൽ കുടുംബാംഗവുമായ പാസ്റ്റർ ബേബി ദാസ് (60) ഫെബ്രുവരി 28-ന് നിര്യാതനായി.

ഭാര്യ: ഓമന, മക്കൾ: സുനിൽ, ലത, പാസ്റ്റർ രാജൻ (ഡൽഹി)ഗ്രേസ് ഗോസ്പൽ മിനിസ്ട്രി പ്രസിഡന്റ് മരുമക്കൾ: ഷൈനി, വിദ്യ, ജോസ് പ്രകാശ്, ലേഖകൻ പാസ്റ്റർ എസ്.ഇ.ജ്ഞാനദാസ് ഭവനം സന്ദർശിച്ചു.

### പ്രവാചകി സാറാമ്മ



പയ്യപ്പാടി: മുണ്ടിയാക്കൽ കാഞ്ഞിരത്തിങ്കൽ എബനേസറിൽ പരേതനായ പാസ്റ്റർ കെ.ജെ.ഏബ്രഹാമിന്റെ ഭാര്യയും ശുശ്രൂഷകയുമായിരുന്ന സാറാമ്മ ഏബ്രഹാം (82) ഫെബ്രുവരി 22-ന് നിര്യാതയായി. താൻ തന്നെ സ്ഥാപിച്ച പയ്യപ്പാടി എബനേസർ സഭയുടെ സെമിത്തേരിയിൽ ഫെബ്രുവരി 25-ന് പാസ്റ്റർ കെ.എം.ജോണിന്റെയും പാസ്റ്റർ കെ.വി.ചാക്കോയുടെയും നേതൃത്വത്തിൽ സംസ്ക്കാരം നടന്നു.

ഐ.പി.സി.മല്ലപ്പള്ളി സെന്റർ സോദരീ സമാജം വൈസ് പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഐ.പി.സിയിലെ ആരംഭകാല വിശ്വാസികളിലൊരാളായ കണിച്ചുകുളം ചൂരനോലിക്കൽ മർക്കോസിന്റെ മകളാണ്. ഭർത്താവിനോട് ചേർന്ന് ചാഞ്ഞോടി, പയ്യപ്പാടി സഭകൾ സ്ഥാപിച്ചു. ഇന്ത്യയുടെ വിവിധ സ്റ്റേറ്റുകളിൽ യാത്ര ചെയ്ത് പ്രവാചക ശുശ്രൂഷ ചെയ്തിട്ടുണ്ട്. അന്ത്യം വരെ മരുന്നു ചെയ്യാതെ ജീവിച്ച ഈ മാതാവ് ശക്തമായ പ്രാർത്ഥനാ പോരാളിയായിരുന്നു. നിരവധി തവണ സുവിശേഷവേലക്കിടെ ഉപദ്രവിക്കപ്പെട്ടിട്ടുണ്ട്. മക്കൾ: റവ.കെ.എ. ഐസക് (എം.പി), ജോയ് ഏബ്രഹാം (സൂററ്റ്), പാസ്റ്റർ ജോമോൻ കെ.ഏബ്രഹാം (ഐ.പി.സി.മുത്തൂർ), സാം ഏബ്രഹാം (സൂററ്റ്), കുഞ്ഞുമോൾ സാം, ബെന്നി ഏബ്രഹാം. മരുമക്കൾ: ലിസി, ഡെയ്സി, കുഞ്ഞുമോൾ, ലൈസ, രാജു നിരവിൽ, ഗ്രേയ്സി

### ആനി ജോൺ ഇലന്തൂർ



പാലനില്ക്കുന്നതിൽ ജോൺ വർഗീസിന്റെ ഭാര്യ ആനി ജോൺ നിര്യാതയായി. പള്ളിപ്പാട് തറയിൽ ബഥേലിൽ പരേതനായ പാസ്റ്റർ വി.കെ. ജോണിന്റെ മകളാണ് പരേത. ദീർഘ വർഷങ്ങളായി കുടുംബമായി ഒമാൻ പെന്തക്കോസ്തൽ അസംബ്ളി അംഗങ്ങളായിരുന്നു. ഭർത്താവിനോടൊപ്പം ജാർഖണ്ഡിൽ ഡിവൈൻ മിഷൻ ഇൻഡ്യാ മിനിസ്ട്രി സ്ഥാപിച്ച് പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. മരുപ്പച്ച ചീഫ് എഡിറ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ ഭർത്തൃസഹോദരനാണ്. മക്കൾ: സ്റ്റാൻലി, സ്നേഹ (ഖത്തർ), സ്റ്റീഫൻ. മരുമകൻ: ഷോയി


ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ

ഗോവയിലേക്ക് സ്വാഗതം

ആരാധന: ഞായർ 10.30 am 12.30 pm
ഉപവാസ പ്രാർത്ഥന: വെള്ളി 10am- 1 pm
ബൈബിൾ സ്റ്റഡി: ശനിയാഴ്ച 7 pm - 8.30 pm

Contact: **PR.SAJI MATHEW,**
Fermino Appartment, St.Mary Colony,
Miramar, Panjim, Goa-403001
**Ph: 08108233413, 8975440507, 9405921084**



ADVANCE BOOKING STARTED - 2013-14

Helping you reach your DREAM CAREER

10 YEARS OF FAITHFULL SERVICE



MBBS | BDS | BAMS | BHMS | Pharm.D | B.Pharm
PERFUSION Tech | RENAL DYALISIS | CARDIAC CARE
M.Sc NURSING & P.C B.Sc NURSING ( REGULAR & CORRESPONDANCE )
ENGINEERING | POLYTECHNIC ( LATERAL ENTRY ) | AVIATION
MANAGEMENT | HOTEL MANAGEMENT
BSW | FASHION DESIGNING

2nd Floor, Sankaramangalam Bldgs, Cross Junction, Thiruvalla-1
Ph: 0469-3268555/ 3250555
www.dishaafoundation.com

Call us @ 9847143030

DISHAA FOUNDATION
find us on facebook: facebook.com/dishaafoundation



23rd PENTECOSTAL WORLD CONFERENCE
Kuala Lumpur 27-30 Aug 2013



മരുപ്പച്ച യാത്രാസംഘത്തോടൊപ്പം

23rd PENTECOSTAL WORLD CONFERENCE KUALA LUMPUR

പെന്തെക്കോസ്തു ലോകസമ്മേളനത്തിൽ പങ്കെടുക്കാൻ

ക്വാലാലമ്പൂരിലേക്ക്

2013 ഓഗസ്റ്റ് 27-30

സിംഗപ്പൂർ - മലേഷ്യ

ലോക പ്രസിദ്ധ പെന്തെക്കോസ്തു പ്രസംഗകർക്കൊപ്പം ക്വാലാലമ്പൂരിൽ

- വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള ആയിരങ്ങൾ ഒത്തുചേരുന്നു.
- ആത്മനിറവുള്ള പ്രസംഗകരുമായുള്ള കൂട്ടായ്മ.
- വിവിധ രാജ്യങ്ങളിൽ നടക്കുന്ന പരിശുദ്ധാത്മപ്രവർത്തികൾ നേരിട്ടു കേൾക്കാം.
- ജീവിതത്തെ അത്ഭുതകരമായി രൂപാന്തരപ്പെടുത്തുന്ന പ്രസംഗങ്ങൾ.
- പുതിയ ഉൾക്കാഴ്ച നൽകുന്ന കോൺഫറൻസുകൾ.
- ഉന്നതമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ സഹായിക്കുന്ന വിശുദ്ധ സംഗമം.
- മിഷൻ ലീഡേഴ്സിനെയും മിഷനറി പ്രസ്ഥാനങ്ങളെയും പരിചയപ്പെടാം.
- ഏതു രാജ്യത്തുനിന്നുള്ളവർക്കും മരുപ്പച്ച യാത്രാ സംഘത്തോടൊപ്പം ചേരാൻ അവസരം.



പാക്കേജുകൾ

**SINGAPORE - MALAYSIA AND CONFERENCE** (6 nights & 8 days)
**സിംഗപ്പൂർ - മലേഷ്യ ടൂറിനോടൊപ്പം പെന്തെക്കോസ്തൽ വേൾഡ് കോൺഫറൻസ്**

**MALAYSIA AND CONFERENCE** (3 nights & 4 days)
**കോലാലമ്പൂർ ടൂറിനോടൊപ്പംപെന്തെക്കോസ്തൽ വേൾഡ് കോൺഫറൻസ്**

വിസ, യാത്രാക്രമീകരണങ്ങൾ സൈറ്റ്സീയിംഗ്, കോൺഫറൻസ് രജിസ്ട്രേഷൻ തുടങ്ങിയ സേവനങ്ങൾ മരുപ്പച്ച ചെയ്യുന്നു.

അമേരിക്ക, ഗൾഫ്, ഇന്ത്യ എന്നിവിടങ്ങളിൽ നിന്നുമുള്ളവർക്ക് ഈ സമ്മേളനത്തിൽ പങ്കെടുക്കാൻക്രമീകരണങ്ങൾ ചെയ്യുന്നു. അച്ചൻകുഞ്ഞ് ഇലന്തൂർ നേതൃത്വം നൽകുന്ന മരുപ്പച്ച യാത്രാ സംഘത്തോടൊപ്പം പെന്തെക്കോസ്തു ലോക സമ്മേളനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഉടൻ ബന്ധപ്പെടുക


MARUPPACHA
**Ph: 0469-2634321,Mob: 9847166994**
Website : **www.maruppachapathram.com**
E-mail : maruppachapwf@gmail.com

No. 1 Christian Newspaper
HALLELUJAH Fortnightly
Mob: 9349500155, 0469-3290355

Hallelujah
Periyillathu Thoppil Complex
Near YMCA, Tiruvalla - 689 101
Pathanamthitta, Kerala, India.
hallelujahnews@gmail.com

Reg. No. **KL/KTM/209/2012-14**
Licence No. **KL/CR/KTM/WPP-28/2012-14**
Licensed to Post without Prepayment
Posted on **15th March 2013 at RMS Kottayam**

## ചരിത്രമായി മാറിയ ഡോ. ഏഴംകുളം സാംകുട്ടിയുടെ പ്രസംഗം




DVD കോപ്പികൾ ഹാലേല്ലൂയ്യാ ഓഫീസിൽ ലഭ്യമാണ്. വില 100 രൂപ. ഇന്ത്യയിൽ രജിസ്ട്രേഡ് പോസ്റ്റേജ് സഹിതം 135 രൂപ

എം.ഒ അയ്ക്കേണ്ടുന്ന വിലാസം
**Hallelujah, Periyillath Complex , Near YMCA, Thiruvalla - 689 101**

# മലബാർ തിയോളജിക്കൽ കോളജ് ഗ്രാജുവേഷൻ



നിലമ്പൂർ; ചുങ്കത്തറ മലബാർ തിയോളജിക്കൽ കോളജിന്റെ 17-ാമത് ഗ്രാജുവേഷൻ മാർച്ച 2ന് നടന്നു. പത്ത് വിദ്ധ്യാർത്ഥികൾ ഗ്രാജുവേഷൻ സ്വീകരിച്ചു. കോളജ് വൈസ് പ്രിൻസിപ്പാൾ റവ.കെ.ജെ ജെയിംസിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ ഗ്രാജുവേഷൻ മെസേജ് നൽകി. സ്ഥാപക പ്രസിഡന്റ് പാസ്റ്റർ ജെയിംസ് വർഗീസ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. രജിസ്ട്രാർ പാസ്റ്റർ കെ.ജെ തോമസിനെ 17 വർഷത്തെ സേവനത്തിന്റെ പേരിൽ ആദരിച്ചു. ഡയറക്ടർ റവ.ബിൻസൻ വർഗീസ് നേതൃത്വം നൽകി.

# ചർച്ച് ഓഫ് ഗോഡ് കുവൈറ്റ് റീജിയൺ ഭാരവാഹികൾ



*പാസ്റ്റർ ജോൺസൺ ജോർജ്ജ് (പ്രസിഡന്റ്), പാസ്റ്റർ വർഗീസ് ഏബ്രഹാം, ബ്രദർ സണ്ണി ആൻഡ്രൂസ് (സെക്രട്ടറി),*

കുവൈറ്റ്: ചർച്ച് ഓഫ് ഗോഡ് കുവൈറ്റ് റീജിയൺ ഭാരവാഹികളായി പാസ്റ്റർ ജോൺസൺ ജോർജ്ജ് (പ്രസിഡന്റ്-ചർച്ച് ഓഫ് ഗോഡ് അഹമ്മദി), പാസ്റ്റർ വർഗീസ് ഏബ്രഹാം (വൈസ് പ്രസിഡന്റ്-കുവൈറ്റ് ചർച്ച് ഓഫ് ഗോഡ്), ബ്രദർ സണ്ണി ആൻഡ്രൂസ് (സെക്രട്ടറി), റജി ബേബിസൺ (ജോ.സെക്രട്ടറി), എം.ടി ഏബ്രഹാം (ട്രഷറാർ), മാത്യൂസ് ജോർജ്ജ് (ജോ.ട്രഷറാർ), ജെയ്സൺ മണക്കാല (പബ്ലിസിറ്റി കൺവീനർ), എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

CANADAയിൽ എണ്ണ ഖനന പ്രവശ്യയാകുന്ന Alberta Provinceലെ Edmonton പ്രദേശത്തേക്ക് പുതുതായി കുടിയേറുന്നവർക്ക് ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ ഒരു ആരാധനാലയം

മാറാനാഥാ ഗോസ്പൽ ഫെലോഷിപ്പ്
Alberta, Edmonton, Canada.

• മലയാളത്തിൽ ആത്മനിറവിലുള്ള ആരാധന. • അടിസ്ഥാന പ്രമാണങ്ങൾക്ക് ശക്തമായ ഊന്നൽ നൽകുന്ന വചനശുശ്രൂഷ. • സ്വന്തമായ ആരാധനാലയം. • വിശ്വാസത്തിനും കുടുംബ ജീവിതത്തിനും ആത്മീകസൗഹൃദത്തിനും പ്രാധാന്യത നൽകുന്നു. • സ്വതന്ത്രമായ ആരാധനാലയം • തമിഴ്, തെലുങ്ക്, ഹിന്ദി ഭാഷകളിൽ ആരാധന • ചിൽഡ്രൻസ് മിനിസ്ട്രി • ശക്തമായ യുവജന പ്രവർത്തനം • അനുഗ്രഹിക്കപ്പെട്ട സണ്ടേസ്ക്കൂൾ സിലബസ് • ഇടദിവസ കൂട്ടായ്മകൾ • ശനിയാഴ്ച കൂട്ടായ്മകൾ • സഹോദരിമാർക്കുള്ള പ്രാർത്ഥന കൂട്ടായ്മകൾ • കൃപാവര ശുശ്രൂഷകളാൽ പരിപോഷിപ്പിക്കപ്പെപ്പെടുന്ന ഉപവാസ കൂട്ടങ്ങൾ • പരസ്യ പ്രവർത്തനങ്ങൾ • വെക്കേഷൻ ബൈബിൾ സ്കൂൾ • ഭാഷാ ദേശ വ്യത്യാസമില്ലാതെ കൂട്ടായ്മയുടെ കരങ്ങൾ. • വിടുതലിനും ആത്മാവിനുമുള്ള ആരാധനയ്ക്കുമായി കഴിഞ്ഞ 30 വർഷമായി ഈ ദേശത്ത് പ്രവർത്തിക്കുന്ന കാനഡയുടെ ലൈസൻസുള്ള ശുശ്രൂഷകൻ പുതുതായി കുടിയേറുന്നവർക്ക് ആവശ്യമായ സഹായങ്ങൾ

വരിക അനുഗ്രഹം പ്രാപിക്കുക, ആത്മാവിൽ സ്വാതന്ത്ര്യത്തോടെ ആരാധിച്ചു
ശക്തരായി നമ്മുടെ ദൈവത്തെഎതിരേൽക്കാനൊരുങ്ങാം



Senior Pastor
Pr.Wilson Kadvil Bsc, BA (Bibilical Study)
+1 780 616 40 27
email: maranathapastor@yahoo.ca
WWW.maranathagospelfellowship.com

Pastor Biju George
+1 780 394 5097
+1 780 395 11 24
e-mail: prbijiugeorgemgf@gmail.com
00919447595358 (India)



IN CALGARY
Pastor Sony Mammen +1 403 663 91 25



ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ
മധ്യതിരുവിതാംകൂറിന്റെ ഹൃദയഭാഗമായ തിരുവല്ലായിൽ ഒരു പ്രാർത്ഥനാലയം

IPC Prayer Centre
IPC പ്രെയർ സെന്റർ ചർച്ച്
ജോസീസ് ജംഗ്ഷൻ, പുഷ്പഗിരി റോഡ്, മഞ്ഞാടി, തിരുവല്ല

ആരാധന
എല്ലാ ഞായറാഴ്ചയും
രാവിലെ 8 മുതൽ 11.30 വരെ
പ്രാർത്ഥന
എല്ലാ വെള്ളിയാഴ്ചയും
10.30 മുതൽ 1 മണിവരെ

പാസ്റ്റർ രാജൂ പുവക്കാല
IPC പ്രെയർ സെന്റർ
ഫോൺ: 9847032151, 0469 – 2693249, 9744343051
E-mail: prayercentretvla@gmail.com
rajupoovakala@gmail.com



www.facebook.com/groups/prayercentrethiruvalla

INTERNATIONAL GROUP - THIRUVALLA
Walk into the Freedom of **Luxury Living**



INTERNATIONAL Garden Villa
Pullad, Thiruvalla
Our 7th ongoing FLAT PROJECT
International Garden View - Thiruvalla

- Gated Community Living
- Club House
- Children's Play Area
- 7m & 5m Wide Road
- Ample Car Parking Area
- Under Ground Cable

For more Details & Booking
Realtrust Builders India (P) Ltd.
(A Sister Concern of International Group)
International Tourist Complex, Pushpagiri Road, Thiruvalla - 689 101
Ph : 0469 - 2600836, 9847054147 Fax : 0469 - 2604271.
E-mail : realtrustgroup@gmail.com Website : www.realtrust.in

Fly with INTERNATIONAL



Our Services :
- Domestic & International Ticketing
- All Types of Visa Processing & Stamping
- Certificate Attestation
- Passport Assistance
- Tour Package & Hotel Booking
- Pilgrim tour to The Holyland (Jordan, Israel, Egypt)

Authorised Agents of :
IATA IAAI

International Tours & Travels
Marthoma Buildings, S.C.S. Jn., Tiruvalla - 689 101, Kerala
Ph : 91 - 469 - 2630255, 2631005 / 006, Fax : 91- 469 - 2604271
E-mail : jerrysjacob@yahoo.com

PRINTED,PUBLISHED & OWNED BY PLENCY GEORGE AND PRINTED AT MANGALAM PRESS, S.H.MOUNT .P.O.KOTTAYAM, KERALA-686 006 . AND PUBLISHED FROM HALLELUJAH, P.O.BOX.NO.1, PERIYILLATHU THOPPIL COMPLEX, TIRUVALLA,PATHANAMTHITTA DISTRICT,KERALA-689 101. EDITOR: SAMKUTTY M.CHACKO.